# "ഇത് എന്റെ ഓർമ്മക്കായി ചെയ്‌വിൻ"

## (ഞായറാഴ്ച്ച പ്രഭാതത്തിലെ ധ്യാന ശുശ്രൂഷ)

**പാട്ട്:**

**പ്രാർത്ഥന.**

**അഭിപ്രായങ്ങൾ:**

വർഷങ്ങൾക്ക് മുൻപ്, "യൂ ആർ ദേർ" എന്ന ഒരു പ്രസിദ്ധ റ്റിവി പ്രോഗ്രാം ഉണ്ടായിരുന്നു. ഓരോ ആഴ്ച്ചയിലും, ചില ചരിത്ര സംഭവങ്ങൾ പുനരാവിഷ്ക്കരണം നടത്തി, ഫലത്തിൽ, കാഴ്ച്ചക്കാരനെ കഴിഞ്ഞ സംഭവങ്ങളിലേക്ക് തിരിക്കുന്നതായിരുന്നു അത്. ഏതാണ്ട് അതുപോലെയാണ് ഓരോ ആഴ്ച്ചയിലും കർത്താവിന്റെ മേശയിൽ പങ്കു ചേരുവാൻ കൂടി വരുമ്പോഴും സംഭവിക്കുന്നത്. ആ ആശയം മനസിലാക്കിയ സി. എ. ബ്രൗൺ താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ പറയുകയുണ്ടായി:

> അടുത്ത സമയത്ത്, വിശ്വാസത്തിന്റെ അതിർവരമ്പ് മുറിച്ച് കടന്ന് നൂറ്റാണ്ടുകളെ സ്പർശിച്ച് "വിശുദ്ധ നാട്ടിലേക്ക്" സന്ദർശനം നടത്തി. ആ വാഗ്ദാന ദേശം അധികം ദൂരെ അല്ലാതാക്കി – അതായത് "പാലും തേനും ഒഴുകുന്ന ദേശം." ദാൻമുതൽ ബെർശേബ വരെ. ഒരിക്കൽ അബ്രഹാമും, ഇസഹാക്കും. യാക്കോബും താമസിച്ചിരുന്ന സ്ഥലം. ക്രിസ്തു ജനിച്ചപ്പോൾ, ഒരു പുതിയ രാജാവ് ജനിച്ച പ്രതീതിയിൽ, ദൈവദൂതന്മാർ അപ്രമേയമായ വാക്കുകളാൽ സന്തോഷത്താൽ പാട്ടു പാടുകയായിരുന്നു.
>
> പിശാചിനാൽ ഞെരുക്കിക്കൊണ്ടിരുന്ന എല്ലാവരേയും അവൻ സൗഖ്യമാക്കുകയും നന്മചെയ്യുകയും ചെയ്തു നടന്നപ്പോൾ, ഞാൻ അവനോടൊപ്പം നടന്നിരുന്നു. അവൻ മനസലിവോടെ മരിച്ചവരെ ഉയർപ്പിക്കുന്നതു ഞാൻ കാണുകയും, നിത്യജീവന്റെ വചനങ്ങൾ അവൻ സംസാരിക്കുന്നതു കേൾക്കുകയും ചെയ്തു. ഗലീലാ കടൽക്കരയിലൂടെ അവൻ നടന്നപ്പോൾ, ഞാൻ അവന്റെ കാൽപാടുകളെ പിൻപറ്റി നടന്നപ്പോൾ, അവൻ കാറ്റിനേയും തിരമാലയേയും മൂലകങ്ങളേയും ശാസിച്ചു ശാന്തമാക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവൻ എളിയവരുടേയും ദരിദ്രരുടേയും വീടുകളിലേക്ക് പോയി അവരോട് വരുവാനിരിക്കുന്ന രാജ്യത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ടിരുന്നപ്പോൾ ഞാനും ഉണ്ടായിരുന്നു.
>
> ഏതാനും വെള്ളിക്കാശിന് യൂദാ തന്റെ ഗുരുവിനെ ഒറ്റിക്കൊടുത്തപ്പോൾ എനിക്ക് കോപവും ദുഃഖവുമുണ്ടായി. നമ്മുടെ കർത്താവിനെ അവർ ദൂരെ പിലാത്തോസിന്റെ മന്ദിരത്തിലേക്ക് കൊണ്ടുപോകയും, അവിടെ പാപമില്ലാത്തവനെതിരായി കള്ളസാക്ഷ്യം പറയുകയും ചെയ്തപ്പോൾ എനിക്ക് തീവ്ര വേദന തോന്നി. പടയാളികൾ ഉത്തമനായവന്റെ നെറ്റിയിൽ മുൾക്കിരീടം വെക്കുന്നതും അവന്റെ പവിത്രമായ മുഖത്ത് തുപ്പുന്നതും ഞാൻ കണ്ടു. പുരുഷാരം യേശുവിന്റെ രക്തത്തിനായി മുറവിളികൂട്ടി അവനെ ക്രൂശിക്കേണ്ടതിന് ആർത്തുവിളിക്കുന്നതും ഞാൻ കേട്ടു. വിറെക്കുന്ന അവന്റെ ശരീരത്തിലൂടെ പടയാളികൾ ആണികൾ തടിയിലേക്ക് അടിക്കുന്ന കൊട്ടുവടികളുടെ ആഘാതധ്വനി എന്റെ കാതുകളിൽ മുഴങ്ങി കേട്ടു,

എന്നാൽ ക്രൂശിന്മേൽ കവിണ്ണുവീണവർക്കെതിരെ അവൻ പിറുപിറുക്കുന്ന ഒരു ശബ്ദവും എനിക്ക് കേൾക്കുവാൻ കഴിഞ്ഞില്ല.

"ഒരു വാൾ അവളുടെ പ്രാണനിലൂടെ കടന്ന് പോയപ്പോൾ" മറിയയുടെ മുഖത്തെ നിസഹായമായ സംഭ്രാന്തി എനിക്ക് കാണുവാൻ കഴിഞ്ഞു, മനുഷ്യപുത്രൻ ഇങ്ങനെ പറയുന്നതും കേട്ടു, "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ." അന്ന് നഗരവാതിലിന്നു പുറത്തു വെച്ച് സംഭവിച്ച ആ ഭയങ്കര സംഭവം നടന്നപ്പോൾ സൂര്യൻ പ്രകാശം കൊടുക്കാതെ പോയി, സകലമൂലകങ്ങളും പ്രതിഷേധിക്കുന്നതായി തോന്നി. ചേതനയറ്റ ആ കൈകൾ മൃദുവായി പിടിച്ച് മരത്തിൽ നിന്നിറക്കി ഒരു പുതിയ കല്ലറയിൽ സ്നേഹപൂർവ്വം അടക്കുന്നതും ഞാൻ കണ്ടു.

മൂന്നാം നാൾ പ്രഭാതത്തിൽ ഞാൻ കല്ലറക്കൽ ചെന്ന് നോക്കിയപ്പോൾ, "അവൻ ഇവിടെ ഇല്ല, അവൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റു, കർത്താവിനെ വെച്ച സ്ഥലം വന്ന് കാൺമിൻ" എന്ന് പറയുന്നതു കേട്ടു. ശിഷ്യന്മാരോടുകൂടെ ഞാൻ ഒലിവ് മലയിൽ ചെന്നപ്പോൾ, കർത്താവ് സ്വർഗാരോഹണം ചെയ്തു പിതാവിന്റെ അടുക്കലേക്ക് കയറിപോകുന്നതു കണ്ടു, "നിങ്ങൾ സ്വർഗത്തിലേക്ക് കയറിപോകുന്നതു കണ്ട ആ യേശു പോയതുപോലെ മടങ്ങി വരും" എന്നു ദൂതന്മാർ അരുളിച്ചെയ്തു.

അതെ ഞാൻ അവിടെയുണ്ടായിരുന്നു. ആ അത്ഭുതകരമായ രംഗം പുതിയനിയമത്തിൽ വരച്ച് കാണിച്ചിരിക്കുന്നതിൽ ഞാൻ ആശ്വസിക്കുന്നു. കർത്താവിന്റെ അവസാന ദിവസമായ – അന്ന് ഞാൻ അവിടെയുണ്ടായിരുന്നു. കർത്താവിന്റെ മേശയിൽ, "ഇതു എന്റെ ഓർമ്മക്കായി ചെയ്വിൻ" എന്നു പറഞ്ഞപ്പോൾ, ഞാൻ കർത്താവിനെ കണ്ടു.[1]

കർത്തൃമേശ നമ്മുടെ ക്രിസ്തീയ അനുഭവത്തിന് അത്യാവശ്യമാണെന്ന് വിശ്വസിച്ചുകൊണ്ട്, ആ ഓർമ്മ പെരുന്നാളിനെ ആസ്പദമാക്കി നമ്മുടെ ധ്യാനശുശ്രൂഷയിൽ നമുക്ക് ശ്രദ്ധ കേന്ദ്രീകരിക്കാം. ബൈബിൾ പഠിപ്പിക്കുന്നത് നാം മറ്റുള്ളവരോട് പങ്കിടുമ്പോൾ, കർത്തൃമേശ ശുശ്രൂഷയെ കുറിച്ച് ആളുകൾ ചോദ്യം ചോദിക്കുന്നതിന് നാം മറുപടി കൊടുക്കണം.[2]

യേശു കർത്തൃമേശ സ്ഥാപിച്ചത് ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്ക് മുൻപാണ്. താൻ മരിക്കുന്നതിന് ഏതാനും മണിക്കൂറുകൾക്ക് മുൻപ് ക്രിസ്തുവും അപ്പൊസ്തലന്മാരും പെസഹ ഭക്ഷിക്കുമ്പോഴായിരുന്നു അവൻ കർത്തൃമേശ സ്ഥാപിച്ചത്. ബൈബിളിൽ അത് മത്തായി 26 ലും, മർക്കൊസ് 14 ലും ലൂക്കൊസ് 22 ലും, 1 കൊരിന്ത്യർ 11 ലും കാണാം. 1 കൊരിന്ത്യർ 11 വായിക്കുമ്പോൾ, ആദരവോടെ ശ്രദ്ധിക്കുക.

**തിരുവെഴുത്തു വായന: 1 കൊരിന്ത്യർ 11:23-29.**
**പാട്ട്.**
**അഭിപ്രായങ്ങൾ:**

മനുഷ്യർ പെട്ടെന്ന് മറന്നുപോകും! അക്കാരണത്താൽ നാം ജ്ഞാപകങ്ങൾ സ്ഥാപിക്കുന്നു.[3] അത്തരം ഉദ്ദേശങ്ങൾക്കായി, നമ്മുടെ ഓർമ്മയെ ഉണർത്തുന്നതിന്, ആഘോഷങ്ങളും വെച്ചിരിക്കുന്നു. അമേരിക്കയിൽ അത്തരം ജ്ഞാപകങ്ങളുടെ ഉദാഹരണങ്ങളാണ്, വാഷിങ്ടണിലെ വാഷി

ങ്ടൺ ഡി സിയും ലിങ്കൻ ജ്ഞാപകവും. ലോകപ്രസിദ്ധമായ ഒരു ഉദാഹരണമാണ്, ടാജ്മഹൽ, ഭാര്യയുടെ ശവകുടീരത്തിന്റെ ഓർമ്മക്കായി ഒരു രാജകുമാരൻ ഉണ്ടാക്കിയതാണ്. ബൈബിളിൽ ഓർമ്മിക്കുവാനായി ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്, ദൈവത്തിന്റെ നന്മ ഓർക്കേണ്ടതിനുള്ള മഴവില്ല് (ഉല്പത്തി 9:8–17), ദൈവം തന്നോടുകൂടെ ഉണ്ടെന്ന് ഓർമ്മിക്കുന്നതായിരുന്നു യാക്കൊബിന്റെ കല്ലുകൾ (ഉല്പത്തി 28:10–22), യിസ്രായേലിനെ മിസ്രയിമിൽ നിന്ന് വിടുവിച്ചതിന്റെ ഓർമ്മക്കായി അവർ പെസഹ ആചരിക്കണമായിരുന്നു (പുറപ്പാട് 12:14). ഇന്ന്, നാം പ്രിയപ്പെട്ടവർ മരിച്ചുകഴിഞ്ഞാൽ അവരെ ഓർക്കേണ്ടതിന് കല്ലറക്കൽ അവരുടെ പേരുകൾ കൊത്തിയ കല്ലുകൾ ഉയർത്തും. ആളുകൾ മറന്നുപോകുമെന്നറിഞ്ഞ്, യേശു ഏറ്റവും മഹത്തായ ഒരു ജ്ഞാപകം സ്ഥാപിച്ചു: കർത്തൃമേശ.

ആ ജ്ഞാപകത്തിന്, അവന് ഏതു വസ്തു വേണമെങ്കിലും ഉപയോഗിക്കാമായിരുന്നു. മാർബിളോ, വിലയേറിയ ലോഹങ്ങളോ, വിലകുറഞ്ഞ ആഭരണങ്ങളോ – എല്ലാം എടുക്കാമായിരുന്നു, നിർമ്മിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും വിലയേറിയ ജ്ഞാപകം ഉണ്ടാക്കുവാൻ അവൻ തികച്ചും യോഗ്യനുമായിരുന്നു. എങ്ങനെയായാലും അവൻ ഭൂമിയിലെ ഏറ്റവും സാധാരണമായ രണ്ടു മൂലകങ്ങളാണ് ഉപയോഗിച്ചത്.

(1) *അപ്പം*. "അവർ ഭക്ഷിക്കുമ്പോൾ, അവൻ അപ്പം എടുത്ത് വാഴ്ത്തി, നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു, വാങ്ങി ഭക്ഷിപ്പിൻ, ഇത് എന്റെ ശരീരമാകുന്നു." (മത്തായി 26:26). അപ്പം ഒരുപക്ഷെ ലോകത്തിൽ നിലവിലുണ്ടായിരുന്ന ഭക്ഷണ പദാർത്ഥമായിരുന്നേക്കാം; എല്ലായിടത്തും എല്ലാവരും അപ്പം ഭക്ഷിക്കും. മിക്ക അപ്പത്തിലും അടങ്ങിയിരിക്കുന്നത്, കോതമ്പാണ്, ഭൂമിയിൽ അനിതരസാധാരണയായി കാണപ്പെടുന്ന ധാന്യവും കോതമ്പാണ്.

ക്രിസ്തു ഏതു തരം അപ്പമാണ് ഉപയോഗിച്ചത്? അറിവില്ലാത്തവർ കർത്തൃമേശ ആചരിക്കുന്നതിന് ഉപ്പുള്ള ബിസ്ക്കറ്റോ അല്ലെങ്കിൽ പുളിപ്പുള്ള ഏതെങ്കിലും റൊട്ടിയോ ഉപയോഗിച്ചേക്കാം.[4] എങ്ങനെയായാലും,[5] ഓർമ്മിക്കുക, യേശു കർത്തൃമേശ സ്ഥാപിച്ചത് പെസഹാപെരുന്നാളിലാണ് (മത്തായി 26:19). ആ പെരുന്നാളിന് വീട്ടിലെ എല്ലാ പുളിപ്പും നിക്കം ചെയ്യുമായിരുന്നു[6] (പുറപ്പാട് 12:15); പുളിപ്പില്ലാത്ത അപ്പം മാത്രമാണ് അവർ പെരുന്നാളിന് ഉപയോഗിച്ചത് (പുറപ്പാട് 12:8). ആ അപ്പമായിരുന്നു കർത്തൃമേശ സ്ഥാപിക്കുന്നതിന് ഉപയോഗിച്ചത്. യേശുവിന്റെ ശരീരത്തെ പ്രതിനിധീകരിക്കുന്നതിന് യോജിച്ച അപ്പം പുളിപ്പില്ലാത്ത അപ്പമായിരുന്നു: പുതിയ നിയമത്തിൽ, പുളിപ്പ് എല്ലായ്പോഴും പാപത്തിന്റെ പ്രേരണാ സ്വാധീനത്തെയാണ് കാണിക്കുന്നത് (1 കൊരിന്ത്യർ 5:8 നോക്കുക). പാപരഹിതമായ ക്രിസ്തുവിന്റെ ശരീരത്തെ സൂചിപ്പിക്കുവാൻ യോജിച്ചത് പുളിപ്പില്ലാത്ത അപ്പം തന്നെയാണ് (എബ്രായർ 4:15).[7]

(2) മുന്തിരിവള്ളിയുടെ അനുഭവം.

> പിന്നെ അവൻ പാനപാത്രം എടുത്ത് സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു "എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ, ... ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം. എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും

നാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടി ക്കയില്ല എന്ന് ഞാൻ നിങ്ങളോട് പറയുന്നു" (മത്തായി 26:27–29).

ആ സമയത്ത്, ആ സ്ഥലത്ത് വെച്ച് "മുന്തിരിവള്ളിയുടെ അനുഭവം" എന്നു പറഞ്ഞത് മുന്തിരി പിഴിഞ്ഞ ചാറാണ്. കർത്തൃമേശയെ കുറിച്ച് പറ ഞ്ഞപ്പോൾ ഉപയോഗിച്ചത് "വീഞ്ഞ്" (*ഒയിനാസ്*) എന്നതിനു വേണ്ട ഗ്രീക്ക് വാക്കല്ല എന്നത് ശ്രദ്ധിക്കുക, എന്നാൽ മറിച്ച്, മുന്തിരിച്ചാറ് എന്നർത്ഥം വരുന്ന "മുന്തിരി വള്ളിയുടെ അനുഭവം" എന്നാണ് ഉപയോഗിച്ചത്. മുന്തി രിയും സാധാരണയായ ആഹാരമായിരുന്നു; കോതമ്പ് പോലെ ലോകം മുഴു വൻ ഉള്ളതല്ലെങ്കിലും, മിക്കവാറും എല്ലാപ്രദേശങ്ങളിലും ലഭ്യമായതാണ് മുന്തിരി.[8] വീണ്ടും, കർത്തൃമേശയുടെ ഭാഗമായി ഉപയോഗിക്കുന്നതിന് യോജി ച്ചതാണ് "മുന്തിരി വള്ളിയുടെ അനുഭവം" എന്നു പറയട്ടെ. യാദൃശ്ചികമാ ണെങ്കിലും അല്ലെങ്കിലും, മുന്തിരിവള്ളിയുടെ[9] ചുവന്നനിറം യേശുവിന്റെ രക്തത്തെ സൂചിപ്പിക്കുന്നതിനു തികച്ചും യോജിക്കുന്നതായി തീരുന്നു.

രണ്ടു നിസാര വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടാണ് യേശു കർത്തൃ മേശ സ്ഥാപിച്ചത്: പുളിപ്പില്ലാത്ത അപ്പവും മുന്തിരിവള്ളിയുടെ അനുഭവ വും. നിർഭാഗ്യവശാൽ ഇതു ചിലർക്ക് നിസാരമെന്ന് തോന്നുന്നതുകൊണ്ട്, അവർ കർത്തൃമേശയെ നിഗൂഢമായി കണക്കാക്കും. അതിനെ വിപുലമായ ആഘോഷമാക്കി "ദ മാസ്" എന്നു വിളിക്കുവാൻ തുടങ്ങി, അതിനിടയിൽ അപ്പം അക്ഷരികമായി യേശുവിന്റെ മാംസമായും മുന്തിരി വള്ളിയുടെ അനു ഭവം അക്ഷരികമായി യേശുവിന്റെ രക്തമായും മാറുമെന്ന് (അവകാശപ്പെ ടുന്നു). (ആ മൂലകങ്ങൾ അപ്പോഴും അപ്പമായും മുന്തിരിവള്ളിയുടെ അനു ഭവമായും ആണ് കാണപ്പെടുന്നതും രുചിക്കുന്നതും എങ്കിലും, അവ യേശു വിന്റെ മാംസവും രക്തവുമാണെന്ന് അവർ ശഠിക്കുന്നു.) ആ അവസ്ഥയെ ന്യായീകരിച്ച് അവർ യേശു പറഞ്ഞത് ചൂണ്ടിക്കാണിക്കും, "ഇത് എന്റെ ശരീരം *ആകുന്നു*, ഇത് എന്റെ രക്തവും *ആകുന്നു*" (മത്തായി 26:26, 28; എംഫസിസ് മൈൻ).

ബൈബിൾ വ്യാഖ്യനത്തിന് സാമാന്യ ബുദ്ധി ആവശ്യമാണ്. യേശു ശിഷ്യന്മാരുടെ മുൻപിൽ നിന്നിരുന്നതുകൊണ്ട് – അവന്റെ ശരീരം കേടുപ റ്റാത്തതായും രക്തം അവന്റെ ഞരമ്പുകളിലൂടെ ഒഴുകിക്കൊണ്ടുമിരുന്നു – അപ്പോൾ അപ്പവും വീഞ്ഞും അവന്റെ അക്ഷരിക ശരീരമെന്ന് പറയുവാൻ കഴിഞ്ഞിരുന്നില്ല. അവൻ പലപ്പോഴുമെന്നപോലെ ഒരു അലങ്കാരപ്രയോഗം നടത്തുകയായിരുന്നു. അവൻ പറഞ്ഞു, "ഞാൻ മുന്തിരി വള്ളി*യാണ്*," "ഞാൻ വാതിൽ *ആകുന്നു*" (യോഹന്നാൻ 15:5; 10:9; എംഫസിസ് മൈൻ).[10] താൻ അക്ഷരിക വീഞ്ഞാണെന്നല്ല അവൻ അർത്ഥമാക്കിയത് (അവനിൽ മുന്തിരിക്കുല ഒന്നും തൂങ്ങി കിടപ്പില്ല), അല്ലെങ്കിൽ അവൻ അക്ഷരിക വാതി ലുമല്ല (അവൻ വിജാകിരിയിൽ തൂങ്ങി കിടക്കുകയല്ല). മറിച്ച് അവൻ അർത്ഥ മാക്കിയത് എന്തെന്നാൽ തനിക്കും മുന്തിരിവള്ളിക്കും, തനിക്കും വാതിലിനും സാമ്യമുള്ള ചില പോയിന്റുകളുണ്ട് എന്നതാണ്.

ആ അലങ്കാരപ്രയോഗം പൊതുവായതാണ്. "ഇതു എന്റെ ഭാര്യ ആകുന്നു" എന്ന് ഒരു ചിത്രം കാണിച്ച് ഞാൻ പറയുന്നു എന്നിരിക്കട്ടെ. ആ പടം അക്ഷരികമായി എന്റെ ഭാര്യ ആണെന്ന് നിങ്ങൾ പറയുമോ? എന്റെ ഭാര്യയെ പ്രതിനിധീകരിക്കുന്നതാണ് ആ ചിത്രമെന്ന് നിങ്ങൾ മനസിലാക്കും.

അതുപോലെ അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരത്തെയും രക്തത്തെയും പ്രതിനിധീകരിക്കുക മാത്രമാണ് ചെയ്യുന്നത്.

ഏറ്റവും അനശ്വരമായ ഓർമ്മക്ക് യേശു ഉപയോഗിച്ചത് ഏറ്റവും നശ്വരമായ വസ്തുക്കളെയാണ്. കല്ല് കുറെ കഴിയുമ്പോൾ ഇളകിപോകും, വിലയേറിയ ലോഹങ്ങൾ ദ്രവിച്ചുപോകും, ആഭരണങ്ങൾ മോഷ്ടിക്കപ്പെട്ടേക്കാം, എന്നാൽ കോതമ്പും വീഞ്ഞും എപ്പോഴുമുണ്ടാകും. ഈ ഓർമ്മ പുതുക്കുവാനായി നമുക്ക് യെരുശലേമിലേക്കോ, അല്ലെങ്കിൽ മറ്റു വിദൂരസ്ഥലങ്ങളിലേക്കോ തീർത്ഥാടനം നടത്തേണ്ടതായിട്ടില്ല; അത് എല്ലാവർക്കും സമീപത്തുണ്ട്. അത് താങ്ങാവുന്ന വിലക്ക് കിട്ടും; ആ നിസാരമായ രണ്ടു വസ്തുക്കൾ ഏതു ദരിദ്രനും വാങ്ങുവാൻ കഴിയും. അത് വിശുദ്ധിയുടേയും, ദൈവികത്വത്തിന്റെയും, ശ്വാസിയ ബുദ്ധിയുടേയും ഓർമ്മയാണ്.

**പാട്ട്.**

**പ്രാർത്ഥന.**

**അഭിപ്രായങ്ങൾ:**

കർത്തൃമേശയെ കുറിച്ച് ആളുകൾ ചോദ്യങ്ങൾ ചോദിക്കാറുണ്ട്. ഉദാഹരണമായി, ആളുകൾ കേൾക്കുന്ന വാക്കുകൾ "തിരുവത്താഴകർമ്മം," "കുർബാന," "കൂദാശ" എന്നിവയാണ്. "ഈ ആചാരത്തെ എന്താണ് വിളിക്കേണ്ടത്?" ഇതിനെ തിരുവെഴുത്തിൽ നാലു വാക്കുകളാൽ വിളിച്ചിരിക്കുന്നു: "കർത്താവിന്റെ അത്താഴം" (1 കൊരിന്ത്യർ 11:20); "അപ്പം നുറുക്കൽ" (പ്രവൃത്തികൾ 2:42; പ്രവൃത്തികൾ 20:7 നോക്കുക); "കൂട്ടായ്മ" (1 കൊരിന്ത്യർ 10:16; കെജെവി[11]); "കർത്താവിന്റെ മേശ" (1 കൊരിന്ത്യർ 10:21). നാം ബൈബിളിലെ വാക്കുകളിൽ തന്നെ ഒതുങ്ങി നില്ക്കുന്നതാണ് നല്ലത് (1 പത്രൊസ് 4:11).

പൊതുവായി കൂടുതൽ ചോദിച്ചിട്ടുള്ള ചോദ്യമായിരിക്കാം "എപ്പോഴാണ് നാം ഇതിൽനിന്ന് പങ്കിടേണ്ടത്?" യേശു ആ ജ്ഞാപകം സ്ഥാപിച്ചുകൊണ്ട്, പറഞ്ഞു, "അങ്ങനെ നിങ്ങൾ അപ്പം *തിന്നുകയും* പാനപാത്രം കുടിക്കുകയും ചെയ്യുമ്പോ*ഴൊക്കെയും,* കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു ..." (1 കൊരിന്ത്യർ 11:26; എംഫസിസ് മൈൻ), എപ്പോൾ എന്നോ എപ്പോഴൊക്കെയെന്നോ പറയുന്നില്ല. അതുകൊണ്ട് ചിലർ കർത്തൃമേശ എപ്പോഴും എടുക്കാമെന്ന് വിചാരിക്കുന്നു. ഒരു സഭാമന്ദിരത്തിന്റെ മുൻപിലുള്ള ബോർഡിൽ ഈ ഒരെഴുത്തുണ്ട്: "സൺഡേ – ഹോളി കമ്മൂണിയൻ [സമയം] വെനെസ്ഡേ – ഹോളി കമ്മൂണിയൻ [സമയം]; വ്യാഴവും ഒഴിവു ദിവസങ്ങളിലും – ഹോളി കമ്മൂണിയൻ [സമയം]."

"എപ്പോൾ?" എന്ന ചോദ്യത്തിനുള്ള ബൈബിൾ ഉത്തരം ആദ്യസഭയുടെ മാതൃകയിൽ കാണാം: ക്രിസ്ത്യാനികൾ കർത്തൃമേശ എടുത്തിരുന്നത് "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ" ആയിരുന്നു (പ്രവൃത്തികൾ 20:7), പരസ്യമായി ആദ്യ സഭ കൂടി വന്നിരുന്ന പ്രത്യേക ദിവസമായിരുന്നു അത് (1 കൊരിന്ത്യർ 16:1, 2). ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിലല്ലാതെ മറ്റേതെങ്കിലും ദിവസത്തിൽ കർത്തൃമേശ എടുത്തതായി ബൈബിളിൽ പറഞ്ഞിട്ടില്ല. ക്രിസ്ത്യാനികൾക്ക് പ്രത്യേകമായി ഓർമ്മിക്കുന്നതിനുള്ള ദിവസമാണ് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ (നാം ഞായർ എന്നു വിളിക്കുന്നു): ആ ദിവസമാണ് യേശു ഉയിർത്തെഴുന്നേറ്റ് തന്റെ ശിഷ്യന്മാർക്ക്

പ്രത്യക്ഷനായത് (മത്തായി 28:1–6 ഉം യോഹന്നാൻ 20:26 ഉം). സഭ സ്ഥാപിച്ചത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു (പ്രവൃത്തികൾ 2:1–4; ലേവ്യാപുസ്തകം 23:15, 16).

എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും പ്രാരംഭ സഭ കർത്തൃമേശ പങ്കിട്ടിരുന്നു എന്ന സൂചനയും ബൈബിളിൽ ഉണ്ട്: അവർ ഓരോ "ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിലും" കൂടി വന്നിരുന്നു (1 കൊരിന്ത്യർ 16:2)[12], അവർ അങ്ങനെ ചെയ്തപ്പോൾ, കൂടിവന്നത്, "അപ്പം നുറുക്കു*വാനായി*രുന്നു" (പ്രവൃത്തികൾ 20:7; എംഫസിസ് മൈൻ). ഓരോ കർത്തൃദിവസത്തേയും ആരാധന കൂട്ടായ്മയിൽ കേന്ദ്രീകരിച്ചുകൊണ്ടിരുന്നതുകൊണ്ട്, അവരുടെ ആചരണവും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ തന്നെ ആയിരിക്കണം. സഭയുടെ ആദ്യ നൂറ്റാണ്ടുകളിലെ ദൈവശ്വാസിയരല്ലാത്ത എഴുത്തുകാരും ഇതിനെ ഉറപ്പിച്ചിരുന്നു.[13] ചരിത്രകാരനായ ലാറൻസ് മൊഷെയിൻ എഴുതി, "ക്രിസ്തീയാരാധനയിൽ, പാട്ടുകളും, പ്രാർത്ഥനകളും, തിരുവെഴുത്ത് വായനയും, ജനത്തോടുള്ള പ്രസംഗവും, കർത്തൃമേശ ആചരിക്കലും ഉൾപ്പെടുന്നതാണ്."[14]

"ആരോടാണ് അത് ഓർക്കുവാൻ" പറഞ്ഞത് എന്ന ചോദ്യം ഉചിതമായിരിക്കും. തന്റെ "രക്തത്തെയാണ്" മുന്തിരിവള്ളിയുടെ അനുഭവം പ്രതിനിധീകരിക്കുന്നത് എന്നാണ് ക്രിസ്തു പറഞ്ഞത്, അത് "അനേകരുടെ പാപമോചനത്തിനായി ചൊരിയുന്നതുമാണ്" എന്ന് പാനപാത്രം എടുത്തുകൊണ്ട് ക്രിസ്തു പറഞ്ഞു (മത്തായി 26:28). അതുകൊണ്ട് അത് രക്തത്താൽ–വാങ്ങിയ പാപമോചനം ലഭിച്ചവർക്ക് പ്രാധാന്യമുള്ളതാണ് (പ്രവൃത്തികൾ 2:38; 20:28; വെളിപ്പാട് 1:5, 6). കൂടാതെ, മേശ രാജ്യത്തിന്റെ സ്ഥാപനമാണെന്നും കർത്താവ് സൂചിപ്പിച്ചു (മത്തായി 26:29). രാജ്യം സഭ ആയതുകൊണ്ട് (മത്തായി 16:18, 19), ഓർമ്മ കർത്താവിന്റെ സഭയിലുള്ളവർക്കാണ്. അത് അങ്ങനെയാകകൊണ്ട്, ലോകത്തിൽ ചില ഭാഗത്ത്, ക്രിസ്ത്യാനികളെ മാത്രമാണ് മേശയിൽ പങ്കു ചേരുവാൻ ക്ഷണിക്കുന്നത്. മിക്ക പ്രദേശങ്ങളിലും, ഇടവകകൾ വിശ്വസിക്കുന്നത് 1 കൊരിന്ത്യർ 11:28 ഈ സാഹചര്യത്തിലാണ് പ്രയോഗിക്കേണ്ടത് എന്നു വിശ്വസിക്കുന്നു: "അവനവൻ തന്നെത്താൻ ശോധന ചെയ്യട്ടെ."[15] ആകയാൽ അവർ ആ സമയത്ത് സന്നിഹിതരാകുന്നവർ മേശയിൽനിന്ന് പങ്കെടുക്കണോ വേണ്ടയോ എന്ന് സ്വയം തീരുമാനിക്കുവാൻ അനുവദിക്കുന്നു.

**പാട്ട്.**

**അഭിപ്രായം:**

ഇപ്പോൾ നാം എല്ലാറ്റിലും പ്രാധാന്യമുള്ള ചോദ്യത്തിലേക്ക് വന്നിരിക്കുകയാണ്: "കർത്തൃമേശയുടെ പ്രാധാന്യം എന്താണ്?" ദൈവത്തിന്റെ "ലളിതമായ" ഏർപ്പാടിൽ (2 കൊരിന്ത്യർ 11:3) ആളുകൾ തൃപ്തരല്ലാത്തതുകൊണ്ട്, അവർ ആ സാഹചര്യത്തിന് ഗൂഢമായ അനുഗ്രഹം നൽകും. മേശയിൽനിന്ന് പങ്കെടുക്കുന്നതിലൂടെ പാപമോചനം ലഭിക്കുമെന്ന് പോലും ചിലർ പഠിപ്പിക്കും:

- യേശു നമുക്ക് വേണ്ടി ചെയ്തത് ഓർമ്മിക്കുവാനായി നാം ക്രൂശിലേക്ക് തിരിഞ്ഞ് നോക്കണം.

- സ്വർഗത്തിലുള്ള യേശുവിങ്കലേക്ക്, നാം നോക്കണം. കർത്താവ് മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റു തന്റെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തു എന്ന് ഉറപ്പിക്കയാണ് നാം കർത്തൃമേശ ആചരിക്കുന്നതിലൂടെ. ക്രിസ്തു പിതാവിന്റെ വല ത്തുഭാഗത്ത് ഇരുന്നു നമുക്ക് വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു എന്നത്, ഉറപ്പിക്കുന്നതാണ് കർത്തൃമേശ (റോമർ 8:34).
- ക്രിസ്തുവിന്റെ രണ്ടാം വരവിനായി നാം *മുൻപോട്ട്* നോക്കണം. "അവന്റെ വരവ് വരെ" നാം അവന്റെ മരണത്തെ പ്രസ്താവിക്കുകയാണെന്ന് പൗലൊസ് എഴുതിയിരിക്കുന്നു (1 കൊരിന്ത്യർ 11:26). ഒരർത്ഥത്തിൽ, കൂട്ടായ്മ ശുശ്രൂഷ അവന്റെ മടങ്ങിവരവിന്റെ ഒരു ഉറപ്പാണ് എന്നു പറയാം. അതിൽനിന്നു പങ്കെടുക്കുമ്പോൾ, "സ്വർഗത്തിലെ വലിയ കല്യാണവിരുന്നിന്റെ" മുൻരുചി നാം അനുഭവിക്കുകയാണ്, അവിടെ നാം അവനോട്കൂടെ കൂട്ടായ്മയിൽ പങ്കെടുക്കും (വെളിപ്പാട് 19:7, 9).
- ക്രിസ്ത്യാനികളെ പിൻപറ്റുവാൻ നാം പുറമെ നോക്കണം. നമ്മുടെ കൂട്ടായ്മ ക്രിസ്തുവിനോടുകൂടെ മാത്രമല്ല, ''അപ്പത്തിന്റേയും" "പാനപാത്രത്തിന്റേയും" അനുഗ്രഹകൂട്ടായ്മ സഹ ക്രിസ്ത്യാനികളോടും നമുക്ക് കൂട്ടായ്മ നൽകുന്നു (1 കൊരിന്ത്യർ 10:16). "അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു, നാം എല്ലാവരും ഒരേ അപ്പത്തിൽ അംശികളാകുന്നു" (1 കൊരിന്ത്യർ 10:17).
- ഓരോരുത്തൻ സ്വയ–ശോധന കഴിക്കുമ്പോൾ, നാം *ഉള്ളിലേക്ക്* നോക്കണം. "മനുഷ്യൻ തന്നെത്താൻ ശോധന കഴിച്ചിട്ടുവേണം അപ്പത്തിൽനിന്ന് ഭക്ഷിപ്പാനും പാനപാത്രത്തിൽനിന്ന് കുടിപ്പാനും" (1 കൊരിന്ത്യർ 11:28; കെജെവി).

ആ മനോഹരമായ ഓർമ്മക്കായി നാം എങ്ങനെ ഒരുങ്ങും? പൊതുവായതും പ്രത്യേകമായതുമായ ഒരുക്കം ആവശ്യമാണ്. സർവ്വശക്തനെ നാം ആരാധിക്കുന്നതിന് എടുക്കുന്ന എല്ലാ ഒരുക്കത്തോടുംകൂടെ വേണം നാം കർത്തൃമേശക്ക് നമ്മുടെ ഹൃദയങ്ങളേയും ജീവിതങ്ങളേയും ഒരുക്കുവാൻ. പൗലൊസ് കൊരിന്ത്യരോട് പറഞ്ഞു, "നിങ്ങൾ കർത്താവിന്റെ പാനപാത്രത്തിൽനിന്നും ഭൂതങ്ങളുടെ പാത്രത്തിൽ നിന്നും കുടിക്കുവാൻ പാടില്ല, നിങ്ങൾ കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും പങ്കുകാരാകുവാൻ പാടില്ല"[16] (1 കൊരിന്ത്യർ 10:21). ശനിയാഴ്ച്ച വിഗ്രഹത്തിനു മുൻപിൽ കൊണ്ടുവെച്ച മാംസം ഭക്ഷിക്കുകയും ഞായറാഴ്ച്ച കർത്തൃമേശയിൽനിന്നു പങ്കെടുക്കയും ചെയ്യുന്നത് അസ്ഥിരതയാണ്. അതുപോലെ നാം ക്രിസ്തുവിന്റെ തത്വമനുസരിച്ചുള്ള ജീവിതം നയിക്കുന്നതിൽ സ്ഥിരതയുള്ളവരായിരിക്കണം.

അതിൽനിന്ന് പങ്കെടുക്കുവാൻ നാം പ്രത്യേകമായി ഒരുങ്ങണം. നമ്മുടെ മനസിനെ നാം ശരിയായ സ്ഥാനത്ത് നിർത്തണമെന്ന ഉദ്ദേശത്തിലാണ് ഹൃദയത്തെ ഒരുക്കണമെന്ന് ഞാൻ സൂചിപ്പിച്ചത്. 1 കൊരിന്ത്യർ 11–ൽ പൗലൊസ് എഴുതിയത് ഓർമ്മിക്കുക:

> അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാന

> പാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്ന് കുടിക്കയും ചെയ്‌വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു (വാ. 27–29).

കെജെവിയിൽ "ആരെങ്കിലും കർത്താവിന്റെ അപ്പത്തിൽനിന്നും പാനപാത്രത്തിൽനിന്നും ഭക്ഷിക്കയും കുടിക്കയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് അയോഗ്യനാകും" എന്നാണ് (എംഫസിസ് മൈൻ). കർത്തൃമേശ യോഗ്യമായി പങ്കെടുക്കേണ്ടതിന്റെ ആവശ്യകത ഞാൻ കുട്ടിയായിരുന്നപ്പോൾ പറഞ്ഞു കേട്ടിട്ടുണ്ട്, എന്നാൽ കെജെവിയിൽ "വർതി," എന്നല്ല, പിന്നെയോ "വർതിലി" എന്നാണ്. അവിടെ പറയുന്നത് നമ്മുടെ സ്വഭാവത്തെയല്ല, പിന്നെയോ അപ്പവും വീഞ്ഞും എങ്ങനെ എടുക്കണം എന്നാണ് പറയുന്നത്. എൻഎഎസ്ബിയിൽ "അൺവർതി മാനർ" എന്നാണ്. നാമെല്ലാവരും അയോഗ്യരാണെങ്കിലും കർത്തൃമേശ പ്രതിനിധാനം ചെയ്യുന്നതിൽ നമുക്ക് ശ്രദ്ധ കേന്ദ്രീകരിച്ച് യോഗ്യമായ രീതിയിൽ പങ്കെടുക്കാവുന്നതാണ്.

കർത്തൃമേശയിൽ നിന്നു പങ്കെടുക്കുന്നവർ അവരവരുടെ രീതിയിലാണ് യേശുവിന്റെ ത്യാഗത്തെ ധ്യാനിക്കുന്നത്. നമുക്ക് എടുക്കാവുന്ന അഞ്ചു–രീതിയിലുള്ള കാഴ്ച്ചപ്പാട് നാം കണ്ടു കഴിഞ്ഞു. ഏതാനും ആശയങ്ങൾ കൂടെ ഇതാ. ചിലർ ക്രൂശിനെ മനസിൽ കണ്ടു ക്രിസ്തുവിന്റെ കഷ്ടത്തെ ഓർക്കും. ചിലർ ക്രൂശിന്റെ പ്രാധാന്യത്തെ കുറിച്ച് ഓർക്കും – അത് അവർക്ക് എന്തു ചെയ്തുവെന്ന അർത്ഥത്തിൽ.[17] സ്നേഹിക്കുന്നവരേയും ഓർക്കും. ചിലർ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ കുറിച്ചുള്ള വേദഭാഗം വായിക്കും. ചിലർ കർത്താവ് നമുക്ക് ചെയ്തതിനെ കുറിച്ചു പാടുന്ന പാട്ടുകളിലെ വലിയ വാക്കുകൾ വായിക്കും. രണ്ടു പേർ ഒരുപോലെ ആയിരിക്കുകയില്ല; ഓരോരുത്തർക്കും നേരിയ വ്യത്യാസമുള്ള സമീപനം ആയിരിക്കും ഉണ്ടാകുക.[18] കർത്തൃമേശാ ശുശ്രൂഷക്കിടക്ക് നാം ഏതു രീതിയിൽ നമ്മുടെ മനസിനെ ശ്രദ്ധക്ക് ഉപയോഗിച്ചാലും, നമ്മുടെ ചിന്തകളെല്ലാം കർത്താവിന്റെ യാഗത്തെ കേന്ദ്രീകരിക്കുന്നതാകണം.

**കർത്തൃമേശ,**
**തിരഞ്ഞെടുക്കാവുന്നത്: ധർമ്മശേഖരത്തെ കുറിച്ചുള്ള അഭിപ്രായം.**
**ധർമ്മശേഖരം.**
**അവസാന അഭിപ്രായങ്ങളും ക്ഷണവും:**

ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃമേശ എടുക്കുന്നതു പ്രാധാന്യമുള്ള കാര്യമാണ്. നാം കർത്തൃമേശ മുടക്കുമ്പോൾ ...

- നാം ക്രിസ്തുവിന്റെ കല്പന അഗണ്യമാക്കുന്നു. യേശു പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പന കാത്തുകൊള്ളും" (യോഹന്നാൻ 14:15; യോഹന്നാൻ 15:14 ഉം നോക്കുക).

- നാം കർത്താവിനെ ഓർക്കുവാനുള്ള അവസരം പാഴാക്കുന്നു, അവൻ പറഞ്ഞു, "... എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ" (1 കൊരിന്ത്യർ 11:24).
- അവന്റെ മരണത്തെ പ്രസ്താവിക്കുവാനുള്ള അവസരം നാം പാഴാക്കുന്നു. നാം അപ്പം തിന്നുമ്പോഴും പാനപാത്രത്തിൽനിന്ന് കുടിക്കുമ്പോഴൊക്കെയും അവന്റെ മരണത്തെ പ്രസ്താവിക്കു ന്നു എന്നാണ് കർത്താവ് പറഞ്ഞത് (1 കൊരിന്ത്യർ 11:26).
- യേശുവിന്റെ രക്തത്തിന് വലിയ പ്രാധാന്യമില്ല എന്ന് നാം സൂചിപ്പിക്കുന്നു. "നമ്മെ ശുദ്ധീകരിച്ച നിയമരക്തത്തെ മലിനമാക്കിയ മുഷ്യനെ പോലെ" നാം ആകുന്നു (എബ്രായർ 10:29).
- നാം മറ്റുള്ളവർക്ക് മോശമായ മാതൃക കാണിച്ചു കൊടുക്കുന്നു, പ്രത്യേകിച്ച് വിശ്വാസത്തിൽ ശിശുക്കളായവർക്ക്. ഒരു വിശ്വാസിക്ക് നാം ഇടർച്ച വരുത്തിയാൽ നമ്മെ കഴുത്തിൽ ഒരു തിരികല്ല് കെട്ടി കടലിൽ താഴ്ത്തിക്കളയുന്നത് നന്ന് എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു (മത്തായി 18:6).
- നമ്മുടെ മതം തീർച്ചക്കു പകരം സൗകര്യം പോലെയുള്ളതാണ് എന്ന് മറ്റുള്ളവരെ അറിയിക്കുകയാവും ചെയ്യുക. നാം ആദ്യം ചെയ്യേണ്ടത് ആദ്യം ചെയ്യുവാൻ നാം ശീലിക്കാതെ, മുൻഗ ണനാക്രമം നാം തെറ്റിക്കുന്നു (മത്തായി 6:33).

വിശുദ്ധന്മാരുമായി ചേർന്ന് നാം ആരാധന മുടക്കി, കർത്തൃമേശയിൽനിന്ന് പങ്കെടുക്കാതിരുന്നാൽ സഹോദരീസഹോദരന്മാരോടും ദൈവത്തോടും നിങ്ങൾ നിരപ്പിലാകേണ്ടതുണ്ട് (എബ്രായർ 10:25, 26; യാക്കൊബ് 5:16).

നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, നിങ്ങളോട് തന്നെ ചോദിക്കുക, "ഞാൻ എപ്പോഴെങ്കിലും അവിചാരിതമായി കർത്തൃമേശ അനുഭവിക്കാതിരുന്നിട്ടുണ്ടോ?" ഉണ്ടെങ്കിൽ, നിങ്ങൾ സഹോദരന്മാരോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും ദൈവത്തോട് ക്ഷമാപണത്തിനായി യാചിക്കയും ചെയ്യണം (പ്രവൃത്തികൾ 8:22; 1 യോഹന്നാൻ 1:9). നിങ്ങൾ ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ ക്രിസ്തുവിന് തരുവാൻ കഴിയുന്നത് എല്ലാം നിങ്ങൾക്ക് കിട്ടേണ്ടതുണ്ട് – ആഴ്ച്ച തോറും എടുക്കുന്ന കർത്തൃമേശയുടെ ശക്തിയടക്കം. അതിന് നിങ്ങൾ ക്രിസ്തുവിൽ വിശ്വസിച്ച് ജീവിതത്തെ മാറ്റുവാൻ തയ്യാറായി അവനോടു ചേരുവാൻ സ്നാനം (മുങ്ങൽ) ഏല്ക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു (ഗലാത്യർ 3:26, 27; മർക്കൊസ്. 16:15, 16; പ്രവൃത്തികൾ 2:38). നിങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ കർത്താവിനോട് പ്രതികരിക്കണമെങ്കിൽ, അതിനുള്ള സമയം ഇപ്പോഴാണ്.

**ക്ഷണിച്ചുകൊണ്ടുള്ള പാട്ട്.**
**അവസാനിപ്പിക്കുന്ന പാട്ട്.**
**അവസാന പ്രാർത്ഥന.**

### പ്രസംഗക്കുറിപ്പുകൾ

പാട്ടുകളുടേയും പ്രാർത്ഥനകളുടേയും തിരുവെഴുത്തു വായനയുടേയും

അഭിപ്രായത്തിന്റെയും കൊടുത്തിരിക്കുന്ന ക്രമം നിർദ്ദേശം മാത്രമായി കാണുക; നിങ്ങളുടെ പ്രദേശത്തിനു യോജിക്കുന്ന വിധത്തിൽ ആരാധന ക്രമപ്പെടുത്തുക. ശുശ്രൂഷക്കിടയിൽ പാടുന്ന പാട്ടുകൾ ക്രൂശിനേയും കർത്തൃമേശയേയും കേന്ദ്രീകരിച്ചുള്ളതായിരിക്കണം. കർത്തൃമേശ വിതരണം ചെയ്യുന്നതിനു മുൻപ് പ്രാർത്ഥന നയിക്കുന്ന പുരുഷന്മാർ അപ്പത്തെ കുറിച്ചും പാനപാത്രത്തെ കുറിച്ചും അല്പം പരാമർശം നടത്താവുന്നതാണ്.

---

കുറിപ്പുകൾ

[1]ഞാൻ ഇത് എടുത്തത് "ഐ വാസ് ദേർ" വീക്ക്‌ലി ബുള്ളറ്റിൻ, ടെന്ത് ആന്റ് ഫ്രാൻസിസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, ഓക്ലഹോമ സിറ്റി, സി. 1956–60. [2]ഈ പ്രസംഗത്തിന് ഉപയോഗിച്ച ഒരു ഉറവിടം ജോർജ് ഡബ്ലിയു. ഡെഹോഫ്, ഗോസ്പെൽ സെർമൺസ് (മർഫ്രീസ്ബോറോ, ടെൻ.:ഡെഹോഫ് പബ്ലിക്കേഷൻസ്, 1953), 168–82. [3]എന്റെ ശ്രോതാക്കൾക്ക് പരിചയമുള്ള പല ജ്ഞാപകങ്ങളും ഞാൻ ചേർത്തിട്ടുണ്ട്. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് ഇതു ഉപയോഗിക്കാവുന്നതാണ്. [4]അമേരിക്കയിൽ പരന്ന പാക്കറ്റിൽ, ചതുരത്തിലുള്ള ഉപ്പ് ചേർത്ത ബിസ്ക്കറ്റുകൾ ലഭിക്കും, അതിൽ ഈസ്റ്റു ചേർക്കുന്നതാണ്. ഇതും അടുത്തതും നിങ്ങളുടെ പ്രദേശത്തിന് യോജിക്കുന്നത് ഉപയോഗിക്കാം ("ഫ്രെഞ്ച് ലോവ്സ്"). [5]"ഫ്രെഞ്ച് ലോവ്സ്" എന്ന് ഞങ്ങൾ അമേരിക്കയിൽ പറയുന്നത് ഇടുങ്ങിയ നീണ്ട റൊട്ടിയാണ്. [6]ലെവൻ എന്നതു ഈസ്റ്റ് പോലെ അല്ലെങ്കിൽ ടാർടാർ ക്രീം പോലെയുള്ള ഒരു പദാർത്ഥമാണ്, അത് മാവിനെ വീർപ്പിക്കുന്നതാണ്, പ്രത്യേകിച്ച് വർദ്ധിപ്പിക്കും. [7]നിങ്ങൾ ഉപയോഗിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തെ കുറിച്ച് നിങ്ങൾക്ക് വേണമെങ്കിൽ കുറിപ്പ് നൽകാം. ചില ക്രിസ്ത്യാനികൾ അവരുടേതായ അപ്പം ഉണ്ടാക്കുന്നുണ്ട്. യെഹൂദന്മാർ പെസഹക്ക് ഉപയോഗിച്ചിരുന്നതുപോലെ ഉള്ള വേഫേഴ്സ് എന്ന പുളിപ്പില്ലാത്ത അപ്പം പാക്കറ്റുകളിൽ ലഭിക്കുന്നത് ചില ഇടവകകൾ ഉപയോഗിക്കുന്നുണ്ട്. [8]മുന്തിരി ജൂസോ, മുന്തിരിയോ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ, ഉണക്കമുന്തിരി വാങ്ങി പിഴിഞ്ഞ് വീണ്ടും മുന്തിരിച്ചാർ അതിൽനിന്ന് എടുത്ത് ഉപയോഗിക്കാവുന്നതാണ്. [9]ചുവന്ന മുന്തിരി മാത്രമെ ഉപയോഗിക്കാവു എന്നല്ല പറഞ്ഞത്. ഏത് മുന്തിരിയായാലും മതി. എന്നാൽ പലരും ഇഷ്ടപ്പെടുന്നത് ചുവന്ന മുന്തിരിയാണ്. അമേരിക്കയിൽ പ്രസിദ്ധിയാർജിച്ച മുന്തിരിച്ചാറാണ്, വെൽക്സ് ഗ്രെയിപ് ജൂസ്. [10]ആലങ്കാരിക ഉപയോഗത്തിന്റെ പല ഉദാഹരണങ്ങളും പുതിയനിയമത്തിൽ കാണാം (ലൂക്കൊസ് 8:11; 1 കൊരിന്ത്യർ 10:4).

[11]കെജെവിയിൽ "കമ്മൂണിയൻ" എന്നതു ഗ്രീക്കിൽനിന്ന് തർജിമ ചെയ്തതിന്റെ അർത്ഥം "ടു ഹോവ് ഇൻ കോമൺ" എന്നാണ്. എൻഎഎസ്ബിയിൽ ആ വാക്ക് 1കൊരിന്ത്യർ 10:16–ൽ തർജിമ ചെയ്തിരിക്കുന്നത് "എ ഷെയറിങ്ങ്" എന്നാണ്. [12]കെജെവിയിൽ "ദ ഫസ്റ്റ് ഡേ ഓഫ് ദ വീക്ക്" എന്നാണ്; എന്നാൽ ഓരോ ആഴ്ച്ചയിലും ഒന്നാം നാൾ ഉള്ളതുകൊണ്ട് *ഓരോ* ആഴ്ച്ചവട്ടത്തിന്റേയും ഒന്നാം നാളിൽ എന്നതാണ് നിർദ്ദേശം. സമാന്തരമായ പഴയനിയമ വേദഭാഗം പുറപ്പാട് 20:8. "ശബ്ബത്തു നാൾ ശുദ്ധീകരിപ്പാൻ ഓർക്ക" എന്നത് ഓരോ ആഴ്ച്ചയിലേയും ശബ്ബത്ത് ശുദ്ധീകരിക്കണമെന്നർത്ഥം. [13]ആ എഴുത്തുകാരിൽ പെട്ടയാളായിരുന്നു ജസ്റ്റിൻ മാർട്ടിർ (അപ്പോളജി 1.67). [14]ജോൺ ലാറെൻസ് മോഷെയിൻ, ട്രാൻസ്, ആൻ എക്ലേഷ്യാസ്റ്റിക്കൽ ഹിസ്റ്ററി, ഏൻഷ്യന്റ് ആന്റ് മോഡേൺ ട്രാൻസ്. ആർക്കിബാൾഡ് മക്ലെയിൻ, വാല്യം. 1 (ന്യു യോർക്ക്: ഹാർപ്പർ ആന്റ് ബ്രദേഴ്സ്, 1871), 303. [15]സന്ദർഭത്തിൽ, വേദഭാഗം സൂചിപ്പിക്കുന്നത് "ആർ" എന്ന

തിനു പകരം "എങ്ങനെ" എന്നാണ് സൂചിപ്പിക്കുന്നത്, എന്നാൽ വിശാലമായ പ്രായോഗികത വരുത്താം. [16]"ഭൂതങ്ങളുടെ പാനപാത്രം" "ഭൂതങ്ങളുടെ മേശ" എന്നതു സൂചിപ്പിക്കുന്നത് വിഗ്രഹങ്ങളുടെ മുൻപിൽ വെച്ച ഭക്ഷണത്തെയാണ്. [17]കാര്യങ്ങളിൽ എനിക്ക് കാഴ്ച്ചപ്പാട് നൽകുന്നതാണ് കർത്തൃമേശ. നിസാര പ്രശ്നങ്ങളിൽ എനിക്ക് സമ്മർദ്ദം അനുഭവപ്പെടാറുണ്ട്, എന്നാൽ വാസ്തവത്തിൽ പ്രാധാന്യമുള്ളത് കർത്തൃമേശ എന്നെ ഓർപ്പിക്കുന്നു. [18]കർത്തൃമേശ വിതരണം ചെയ്യുമ്പോൾ പാട്ട് പാടുന്നതും, ഉറക്കെ യോജിക്കുന്ന തിരുവെഴുത്തു വായിക്കുന്നതും ശരിയാണെന്ന് ചിലർ പറയുന്നു. ചിലരെ അതു വചനാനുസരണം കർത്തൃമേശ എടുക്കുവാൻ സഹായിക്കും, എന്നാൽ വേറെ ചിലരുടെ ഏകാഗ്രതയെ അതു ബാധിക്കും. കർത്തൃമേശയിൽനിന്ന് പങ്കെടുക്കുന്നതു വ്യക്തിപരമാണ് – കർത്താവിനോടുള്ള വ്യക്തിപരമായ കൂട്ടായ്മ – അതു എങ്ങനെ എടുക്കണമെന്ന് മറ്റുള്ളവർ പറയുന്നതു ശരിയല്ല. ഓരോരുത്തർക്കും സ്വയമായി കർത്താവിനോടുള്ള ബന്ധത്തിൽ അവനവന്റെ രീതിയിൽ എടുക്കുവാൻ നിശബ്ദമായ അന്തരീക്ഷമാണ് ഉത്തമം.

# യോഹന്നാൻ 14-17 നെ കുറിച്ച് വിശേഷാലുള്ള വിശദീകരണങ്ങൾ

14:1: "ബിലീവ്" എന്നതിനുള്ള ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം ഒന്നുകിൽ സൂചിപ്പിക്കുന്നതോ അല്ലെങ്കിൽ ആജ്ഞാ രൂപത്തിലോ ഉള്ളതാണ്. ആ വേദഭാഗം "നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു; എന്നിലും വിശ്വസിക്കുന്നു" എന്നോ (സൂചിപ്പിക്കുന്ന വിധം) അല്ലെങ്കിൽ "ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ" (ആജ്ഞാ രൂപത്തിൽ) എന്നോ തർജിമ ചെയ്യാം.

14:2: "വാസസ്ഥലം" (എൻഎഎസ്ബി) എന്നതിനുള്ള ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത്, "മാൻഷൻസ്" (കെജെവി), "റൂമ്സ്" (എൻഐവി), താമസിക്കുവാനുള്ള സ്ഥലത്തെ സൂചിപ്പിക്കുന്നു. 14:23–ൽ ആ വാക്ക് തർജിമ ചെയ്തിരിക്കുന്നത് "അബോഡ്" എന്നാണ് (എൻഎഎസ്ബി, കെജെവി). ആ വാക്ക് ഊന്നി പറയുന്നത് സ്വർഗിയ സ്ഥിരതയാണ്. (സ്വർഗം ഒരു ടെന്റ് അല്ല മറിച്ച് അബോഡ് ആണ്). "അനേക വാസസ്ഥലങ്ങൾ" എന്നതു സൂചിപ്പിക്കുന്നത് കർത്താവ് മതിയായത്ര നൽകുന്നു എന്നാണ്.

14:8: പുറപ്പാട് 33:20–ൽ ദൈവം പറഞ്ഞ വാക്കുകളാകാം ഒരുപക്ഷെ ഫിലിപ്പൊസിന്റെ ഉള്ളിൽ ഉണ്ടായിരുന്നത്: "നിനക്ക് എന്റെ മുഖം കാൺമാൻ കഴികയില്ല, ആരും എന്റെ മുഖം കണ്ട് ജീവനോടെ ഇരിക്കയില്ല!"

14:9: യേശു തന്റെ "മുഖം ദൈവത്തിൽ വെച്ചു" എന്ന് പറയപ്പെട്ടിട്ടുണ്ട്. നാം ക്രിസ്തുവിനെ കുറിച്ച് കൂടുതൽ പഠിക്കുന്തോറും നാം ദൈവസ്വഭാവത്തെ കുറിച്ച് കൂടുതൽ അറിയും.

14:22: യൂദയെ (ഇസ്കാര്യോത്താവ് അല്ല) "യാക്കൊബിന്റേയും" തദ്ദായിയുടേയും മകൻ എന്നറിയപ്പെട്ടിരുന്നു. ഈ യൂദാ തെറ്റിദ്ധരിക്കപ്പെട്ടിരുന്നു, കാരണം രാജ്യത്തെ കുറിച്ച് അവൻ തെറ്റായി ധരിച്ചിരുന്നു, മശിഹാ ഈ ഭൂമിയിൽ ഒരു ഭൗതിക രാജ്യം സ്ഥാപിച്ച് രാഷ്ട്രീയ ഭരണം നടത്തുമെന്നതായിരുന്നു. അതു വാസ്തവമായിരുന്നുവെങ്കിൽ അവൻ തന്നെ ലോകത്തിന് എന്തുകൊണ്ട് വെളിപ്പെടുത്തിയില്ല?

14:26; 16:13: പുതിയനിയമം മുഴുവന്റേയും ദൈവശ്വാസീയത സ്പർശിക്കുന്നവയാണ് ഈ രണ്ടു വാക്യങ്ങൾ: യേശു അവരെ പഠിപ്പിച്ചിരുന്നതെല്ലാം അപ്പൊസ്തലന്മാരെ ആത്മാവ് ഓർപ്പിച്ചു (സുവിശേഷവിവരണങ്ങൾ), അപ്പൊസ്തലന്മാർക്ക് ആത്മാവ് സകലവും ഉപദേശിച്ചുകൊടുത്തു (പ്രവൃത്തികളും ലേഖനങ്ങളും), അവൻ വരുവാനുള്ളത് അവരെ അറിയിക്കയും ചെയ്തു (വെളിപ്പാട് പുസ്തകം).

14:28: "... പിതാവ് എന്നേക്കാൾ വലിയവൻ" എന്ന് ക്രിസ്തു പറഞ്ഞപ്പോൾ, തന്റെ ദൈവികത്വത്തെയോ, ദൈവത്തോടുള്ള അവന്റെ സമത്വത്തെയോ അവൻ നിഷേധിച്ചിട്ടില്ല (യോഹന്നാൻ 10:30), മറിച്ച്, അവൻ തന്റെ ഭൗമിക സ്ഥിതി വെളിപ്പെടുത്തുകയായിരുന്നു; മനുഷ്യരൂപം എടുക്കേണ്ടതിന്ന് അവൻ ചില ദൈവിക മഹത്വം സ്വർഗത്തിൽ ഉപേക്ഷിക്കുകയായിരുന്നു (ഫിലിപ്പിയർ 2:6–8). അവൻ പിതാവിങ്കലേക്ക് ആരോഹണം ചെയ്ത

പ്പോൾ, ഭൗമിക പരിമിതികൾ വിട്ട് തന്റെ മുൻ മഹത്വത്തിലേക്ക് മാറ്റപ്പെട്ടു (യോഹന്നാൻ 17:5; ഫിലിപ്പിയർ 2:9–11).

14:30; 16:11: "ഈ ലോകത്തിന്റെ പ്രഭു" സാത്താനാണ്. ക്രിസ്തുവിന് ക്രൂശിലേത് സാത്താനുമായുള്ള നിർണ്ണായകമായ യുദ്ധമായിരുന്നു (യോഹന്നാൻ 12:31, 32; എബ്രായർ 2:14). സാത്താന് നമ്മുടെ പാപങ്ങളെ കുറ്റപ്പെടുത്താവുന്നതുകൊണ്ട് അവനു നമ്മെ ജയിക്കുവാൻ കഴിയും, പക്ഷെ യേശുവിൽ പാപം ഒന്നുമില്ലായിരുന്നു (എബ്രായർ 4:15). "അവന് [സാത്താന്] എന്നിൽ ഒന്നുമില്ല"[1] എന്ന് ക്രിസ്തുവിന് വാസ്തവത്തിൽ പറയുവാൻ കഴിയുമായിരുന്നു. ഈ ലോകത്തിന്റെ പ്രഭുവിന് "തന്റെ അധികാരം അവനിൽ ചെലുത്തുവാനുള്ള അവകാശമോ കാരണമോ കണ്ടെത്തുവാൻ കഴിയില്ല."[2]

15:1: യേശു "സാക്ഷാൽ മുന്തിരി വള്ളി" ആണ്, "മറ്റു മുന്തിരികളെല്ലാം പകർപ്പ് ആണ്."[3] പഴയനിയമത്തിൽ യിസ്രായേലിന്റെ അടയാളമായിരുന്നു മുന്തിരി (സങ്കീർത്തനങ്ങൾ 80:8; യെശയ്യാവ് 5:1–7; യിരെമ്യാവ് 2:20, 21; യെഹെസ്ക്കേൽ 15:1–8; 19:10–14; ഹോശേയാ 10:1).

15:2: തന്റെ മക്കളെ സ്നേഹത്തോടെ പരിപാലിക്കുന്നതിനെ സൂചിപ്പിക്കുന്നതാണ് "ചെത്തി വെടിപ്പാക്കൽ" നടപടി (എബ്രായർ 12:4–13).

15:15: ഒരു നിയമമായി, അടിമകളെ ജോലി ഏല്പിക്കേണ്ടതിന്ന് വിശദീകരിക്കേണ്ട ആവശ്യമില്ല. പക്ഷെ അതിനു വിപരീതമായി, സ്നേഹിതന്മാരോട് എന്തെങ്കിലും ചെയ്യാൻ പറഞ്ഞാൽ വിശദീകരിക്കേണ്ടതായിട്ടുണ്ട്. ദൈവത്തിന്റെ വെളിപ്പാട് അവർക്ക് പങ്കിട്ടതുകൊണ്ടാണ് യേശു അപ്പൊസ്തലന്മാരെ സ്നേഹിതന്മാർ എന്നു വിളിച്ചത്.

15:20: സൂചനാവാക്യം യോഹന്നാൻ 13:16.

15:22, 24: യേശു വന്നില്ലായിരുന്നു എങ്കിൽ യെഹൂദന്മാരിൽ പാപം വരികയില്ലായിരുന്നു എന്നല്ല യേശു പറഞ്ഞത്. നാം എല്ലാവരും പാപം ചെയ്തു (റോമർ 3:23), അജ്ഞത പാപത്തിനുള്ള ഒഴികഴിവല്ല (പ്രവൃത്തികൾ 17:30). എന്നാൽ അവരുടെ മദ്ധ്യേ അവൻ വന്ന് പ്രസംഗിക്കയും വീര്യപ്രവർത്തികൾ ചെയ്തിട്ടും യെഹൂദന്മാർ അവനെ തള്ളിക്കളഞ്ഞ കുറ്റം അവൻ വന്നില്ലായിരുന്നുവെങ്കിൽ അവരിൽ വരുമായിരുന്നില്ല എന്നാണ് യേശു പറഞ്ഞത്. അവൻ അതെല്ലാം ചെയ്തതുകൊണ്ട്, അവർക്ക് ഒഴികഴിവില്ല.

15:25: ഉദ്ധരണി സങ്കീർത്തനങ്ങൾ 35:19; 69:4.

15:26, 27: അപ്പൊസ്തലന്മാർ ഇരട്ടസാക്ഷ്യമായിരുന്നു നിർവ്വഹിച്ചത്: അവർ വ്യക്തിപരമായി നിരീക്ഷിച്ചത് അവർ സാക്ഷ്യപ്പെടുത്തും (വാ.27; പ്രവൃത്തികൾ 1:22), പിന്നെ പരിശുദ്ധാത്മാവ് സാക്ഷ്യപ്പെടുത്തിയതിനെയും അവർ സാക്ഷ്യപ്പെടുത്തും (വാ.26).

16:5, 6: "കർത്താവേ, നീ എവിടെ പോകുന്നു?" എന്ന് പത്രൊസ് ചോദിച്ചു (യോഹന്നാൻ 13:36), അവന്റെ ലക്ഷ്യസ്ഥാനത്തെ കുറിച്ച് തോമസും അതിശയിച്ചു (14:5). "ഞാൻ എവിടെ പോകുന്നു? എന്ന് നിങ്ങള [ാരും] ചോദിക്കുന്നില്ല" എന്ന് യേശു പറഞ്ഞപ്പോൾ, വെറുമൊരു ചോദ്യത്തിലധികം അതിലടങ്ങിയിരുന്നു. അവർ ആ വാക്ക് പറഞ്ഞെങ്കിലും, അവരുടെ താല്പര്യം "എവിടെ" എന്നതിലല്ല, പോകുന്നു എന്നതിലാണ് എന്നായിരിക്കാം ഒരുപക്ഷെ അവൻ അർത്ഥമാക്കിയത്. അവൻ വിട്ട്പോകുന്നുവെന്നത് അവരുടെ ഹൃദയങ്ങളിൽ ദുഃഖമുളവാക്കി.

16:20: അവന്റെ മരണത്തിൽ ലോകം സന്തോഷിച്ചു (ലൂക്കൊസ് 22:5

നോക്കുക), എന്നാൽ അവനെ സ്നേഹിച്ചവർ കരഞ്ഞു (യോഹന്നാൻ 20:11).

16:21, 22: ഒരു ശിശുവിനെ പ്രസവിക്കുമ്പോൾ വേദന അനുഭവപ്പെടുമെങ്കിലും പിന്നീട് സന്തോഷമുണ്ടാകും. അതുപോലെ, ക്രിസ്തുവിന്റെ മരണം ആദ്യം തന്റെ ശിഷ്യന്മാർക്ക് നിരാശയുണ്ടാക്കി, എന്നാൽ ഇപ്പോൾ അവന്റെ മരണം ലോകത്തിന് സന്തോഷമുണ്ടാക്കിയിരിക്കുന്നു.

16:23: ആ സമയത്ത്, അപ്പൊസ്തലന്മാരിൽ നിറയെ ചോദ്യങ്ങളായിരുന്നു (13:36; 14:5, 6), എന്നാൽ യേശു ദൈവത്തിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തശേഷം, അവർക്ക് അവനോട് ചോദ്യങ്ങൾ ചോദിക്കുവാൻ പിന്നെ കഴിഞ്ഞില്ല. അവർ അറിയേണ്ടതെല്ലാം ദൈവം (പരിശുദ്ധാത്മാവ് മുഖേന) അവരോട് അറിയിച്ചുകൊണ്ടിരുന്നു.

16:26, 27: അവൻ ഇനി അവർക്ക് വേണ്ടി പിതാവിനോട് അപേക്ഷിക്കുകയില്ല എന്നല്ല യേശു പറഞ്ഞത്. നാം പാഠത്തിൽ മനസിലാക്കിയതുപോലെ, അവൻ നമ്മുടെ മദ്ധ്യസ്ഥനാകുന്നു. മറിച്ച്, പിന്നെ അവരെ സഹായിക്കുവാൻ പിതാവിനോട് *അപേക്ഷിക്കുന്നത്* ആവശ്യമില്ലാത്തതാണ് എന്നത്രേ അവൻ ഊന്നി പറഞ്ഞത്. കാരണം പിതാവ്, എങ്ങനെയും, അവരെ സ്നേഹിച്ചിരുന്നു. സ്നേഹമില്ലാത്ത ദൈവം മനുഷ്യ–നിർമ്മിതമായ പുണ്യവാളന്മാരുടെ "മദ്ധ്യസ്ഥത" (മറിയയുടേയും മറ്റു "വിശുദ്ധന്മാരുടേയും") ആവശ്യപ്പെടുന്ന (മനുഷ്യർ പഠിപ്പിച്ച) തെറ്റായ ആശയം എത്ര വിരോധാഭാസമായ ഉപദേശമാണ്!

16:32: ഏകാന്തത ഭയങ്കരമാണ്; എന്നാൽ ഒരു ക്രിസ്ത്യാനി ഒരിക്കലും ഏകനോ ഏകയോ അല്ല, കാരണം പിതാവ് അവരോടൊപ്പം ഉണ്ട് (2 തിമോഥെയൊസ് 4:16–18 താരതമ്മ്യം ചെയ്യുക).

17:2: സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും ദൈവം യേശുവിന് നൽകി (മത്തായി 28:18).

17:3: നിത്യത മുഴുവൻ ദൈവത്തോടും യേശുവിനോടും കൂടെ ആയിരിക്കുക എന്നതാണ് നിത്യജീവൻ, എന്നാൽ നിത്യമരണം ദൈവത്തിൽനിന്നും യേശുവിൽ നിന്നും എന്നേക്കുമുള്ള വേർപാടാണ് (2 തെസലൊനിക്യർ 1:9 നോക്കുക). ഒരർത്ഥത്തിൽ, നമുക്ക് ദൈവത്തെയും യേശുവിനെയും "അറിയാവുന്നതുകൊണ്ട്" (ദൈവത്തോട് ഏറ്റവും അടുത്ത ബന്ധം ഉണ്ടായിരിക്കുക) ഇപ്പോൾ തന്നെ നമുക്ക് നിത്യജീവൻ ഉണ്ട്. (എങ്ങനെയായാലും, ഭൂമിയിൽ ജീവിക്കുമ്പോൾ വിഛേദിക്കപ്പെട്ട ബന്ധം പുനസ്ഥാപിക്കുവാനും തദ്വാരാ അനുഗ്രഹിക്കപ്പെടുവാനും കഴിയും [യോഹന്നാൻ 15:6 നോക്കുക].)

17:11, 14, 16: അപ്പൊസ്തലന്മാർ ആയിരുന്നതുപോലെ, നാം ''ലോകത്തിലാണ്." (വാ. 11), പക്ഷെ നാം "ലോകത്തിനുള്ളവരല്ല'' (വാ. 14, 16).

17:12: "ആ നാശയോഗ്യനല്ലാതെ, നീ തന്നിട്ടുള്ളവരിൽ ആരും നഷ്ടമായിട്ടില്ല" എന്ന് അവൻ തറപ്പിച്ചു പറഞ്ഞതിനാൽ, അവൻ മരിച്ചപ്പോൾ മിക്ക അപ്പൊസ്തലന്മാരും ജീവിച്ചിരിക്കുമെന്ന ധ്വനിയാണ് അതു നൽകിയത് (യോഹന്നാൻ 18:8, 9). "നാശയോഗ്യൻ" യൂദാ ആയിരുന്നു. "പെർഡീഷൻ" എന്ന വാക്ക് ഗ്രീക്കിൽനിന്നു തർജിമ ചെയ്തതിന്റെ അർത്ഥം "നാശം" എന്നാണ്. യൂദാ നിത്യ നാശത്തിന് യോഗ്യനായിരുന്നു (അതായത്, നരകം) കാരണം ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത കുറ്റത്തിൽനിന്ന് അവൻ മാനസാന്തരപ്പെട്ടില്ല.

17:17, 19: ''വിശുദ്ധീകരിക്കുക'' എന്നതു അർത്ഥമാക്കുന്നത്, വചനം അനുസരിച്ച് ക്രിസ്ത്യാനിയാകുമ്പോൾ, നാം ദൈവശുശ്രൂഷക്കായി "വേർതി

രിക്കപ്പെടുന്നു” എന്നതാണ് (1 കൊരിന്ത്യർ 6:11 നോക്കുക).

17:18: ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയക്കുകയും (17:3, 8, 21, 23, 25), ക്രിസ്തു അപ്പൊസ്തലന്മാരെ അയക്കുകയും ചെയ്തു. “അപ്പൊസ്തലൻ” എന്ന വാക്കിനർത്ഥം “അയക്കപ്പെട്ടവൻ.”

---

കുറിപ്പുകൾ

[1]ഞാൻ താമസിക്കുന്ന സ്ഥലത്ത്, ഞങ്ങൾ പറയും, “ഹീ ഹാസ് നത്തിങ്ങ് ഓൺ മീ” എൻഐവി പറയുന്നു, “ഹീ ഹാസ് നോ ഹോൾഡ് ഓൺ മീ.” [2]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ.പെൻലെറ്റൺ, ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ് (സിൻസിനാറ്റി:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 666. [3]ലേഖകൻ അജ്ഞാതമാണ്, ഉദ്ധരിച്ചത് വാരെൻ ഡബ്ലിയു, വിയെഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 1 (വീറ്റൺ,Ill.:വിക്ടർ ബുക്സ്, 1989), 355.

# ക്രിസ്തു പ്രവചനത്തിൽ

## (യോഹന്നാൻ 5:30- 47)

"*എനിക്കോ യോഹന്നാന്റെ സാക്ഷ്യത്തിലും വലിയ സാക്ഷ്യം ഉണ്ട്;* പിതാവ് എനിക്ക് *അനുഷ്ഠിപ്പാൻ*-തന്ന പ്രവൃത്തികൾ, ഞാൻ-ചെയ്യുന്ന പ്രവൃത്തികൾ തന്നേ. *പിതാവ് എന്നെ അയച്ചു* എന്ന് എന്നെ കുറിച്ച് സാക്ഷീകരിക്കുന്നു. എന്നെ അയച്ച പിതാവ്താനും എന്നെക്കുറിച്ച് സാക്ഷ്യം പറഞ്ഞിരിക്കുന്നു. ... നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു, *അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ട്* എന്ന് നിങ്ങൾ നിരൂപിക്കുന്നുവല്ലൊ. *അവ എനിക്ക് സാക്ഷ്യം പറയുന്നു.* എങ്കിലും *ജീവൻ പ്രാപിക്കേണ്ടതിന്* എന്റെ അടുക്കൽ വരുവാൻ *നിങ്ങൾക്ക് മനസില്ല. ... ഞാൻ പിതാവിന്റെ മുമ്പിൽ നിങ്ങളെ കുറ്റം ചുമത്തും എന്ന് നിങ്ങൾക്ക് തോന്നരുത്;* നിങ്ങളെ കുറ്റം ചുമത്തുന്നവനുണ്ട്. നിങ്ങൾ പ്രത്യാശ വെച്ചിരിക്കുന്ന മോശെ തന്നെ. *നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ, എന്നേയും വിശ്വസിക്കുമായിരുന്നു*, അവൻ എന്നെ കുറിച്ച് എഴുതിയിരിക്കുന്നു. എന്നാൽ *അവന്റെ എഴുത്ത് നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽഎന്റെ വാക്ക് എങ്ങനെ വിശ്വസിക്കും?*" (യോഹന്നാൻ 5:36–47).

### മുഖവുര

നിങ്ങൾ ജനിക്കുന്നതിനു നൂറു കണക്കിനു വർഷങ്ങൾക്ക് മുൻപ്, നിങ്ങളുടെ ജീവിതത്തിലെ സംഭവങ്ങൾ ഞാൻ മുന്നറിയിച്ചു പറഞ്ഞിരുന്നുവെങ്കിലോ: ജനനസമയം, ജന്മ സ്ഥലം, നിങ്ങളുടെ കുടുംബ പശ്ചാത്തലം, നിങ്ങളുടെ സ്വഭാവം, നിങ്ങളുടെ ജീവിതത്തിലെ പല സംഭവങ്ങളും, നിങ്ങൾ എങ്ങനെ മരിക്കുമെന്ന ചിത്രം പോലും നൽകിയാലോ? അസാദ്ധ്യം? അതെ, മനുഷ്യരാൽ, എന്നാൽ ദൈവത്തിന് അസാധ്യമല്ല. യേശുവിന്റെ പൂർണ്ണ ജീവചരിത്രം അവൻ ജനിക്കുന്നതിന് നൂറു വർഷങ്ങൾക്ക് മുൻപ് എഴുതപ്പെട്ടിരുന്നു!

### പഴയനിയമ പ്രവചനത്തിന്റെ ശക്തി

തന്റെ ദൈവികത്വത്തെ സാക്ഷ്യപ്പെടുത്തുന്ന നാലു പേരുകൾ യേശു പറയുന്നുണ്ട് (യോഹന്നാൻ 5:30–47). ഒന്ന് തിരുവെഴുത്തുകളാണ്.[1] പഴയനിയമത്തിൽ മശിഹയെ കുറിച്ച് നിരന്തരമായി പറയുന്നുണ്ട്;ആ മശിഹയാണ് താൻ എന്ന് യേശു അവകാശപ്പെട്ടു (ലൂക്കൊസ് 24:25–27). ആ അവകാശം എത്ര ധീരമായിരുന്നു എന്ന് ചിന്തിക്കുക. യെഹൂദന്മാർ അജ്ഞരായിരുന്നില്ല; അവർക്ക് തിരുവെഴുത്ത് അറിയാമായിരുന്നു. അവർ മശിഹക്ക് വേണ്ടി കാത്തിരിക്കുകയായിരുന്നു. ഏതൊരു നാട്യക്കാരനേയും പരിശോധിക്കുവാൻ അവർക്ക് കഴിയുമായിരുന്നു. മശിഹക്ക് വേണ്ടതായ എല്ലാ ആവശ്യകതകളും അവൻ നിറവേറ്റുകയുണ്ടായി, അവന്റെ അവകാശങ്ങൾ നിഷേധിക്കുവാൻ അവർക്കു കഴിഞ്ഞതുമില്ല. യേശുവിന്റെ ജീവിതത്തിലും ശുശ്രൂഷയിലും ഒരു പ്രവചനമെങ്കിലും നിറവേറാതിരുന്നുവെങ്കിൽ, അവന്റെ അവ

കാശങ്ങൾ അതോടെ തീരുമായിരുന്നു.

പെന്തെകൊസ്തുനാളിനു ശേഷം, അപ്പൊസ്തലന്മാർ പ്രസംഗിക്കുവാൻ തുടങ്ങിയപ്പോൾ അവരും അതേ അവകാശങ്ങൾ ഉന്നയിക്കുവാൻ തുടങ്ങി: യേശു അപ്പോഴും മശിഹ തന്നെ എന്ന് പറഞ്ഞപ്പോൾ, പഠിച്ച യെഹൂദന്മാർക്ക് അതു നിഷേധിക്കുവാൻ കഴിഞ്ഞില്ല. യേശു ദൈവപുത്രൻ ആയിരുന്നു – ഇപ്പോഴു – മാണ്. യേശു നിറവേറ്റിയ എല്ലാ പ്രവചനങ്ങളും നിറവേറ്റുവാൻ ഒരു മനുഷ്യനും സാധ്യമല്ല. വളരെയധികം പ്രവചനങ്ങൾ നേരിടുകയും നൂറുകണക്കിന് പണ്ഡിതന്മാർക്ക് തിരുവെഴുത്തുകളെ പരിശോധിക്കാമെന്നിരിക്കെ, അത് ഒരു കപടവേഷക്കാരനായി തെറ്റാണെന്ന് പറയുക അസാധ്യമായിരുന്നു.

കൂടാതെ, ഏതൊരു പ്രവചനകാര്യമായിരുന്നാലും അത് യേശുവിന്റെ നിയന്ത്രണത്തിലായിരുന്നില്ല: അവന്റെ പൈതൃകം, എവിടെ ജനിച്ചു എന്നത്, ഒരു ശിശു ആയിരുന്നപ്പോൾ മിസ്രയിമിലേക്ക് കൊണ്ടുപോകുന്നത് എല്ലാം. അത്തരം പ്രവചനനിവർത്തീകരണം കണ്ടുപിടിക്കാവുന്നതായിരുന്നില്ല. യേശു ആരാണോ അങ്ങനെ നാം അവനെ സ്വീകരിക്കണം!

### പഴയനിയമ പ്രവചനത്തിന്റെ നിവർത്തീകരണം

ഉല്പത്തി 3:15 ലും 12:3 ലുമാണ് മശിഹാ പ്രവചനം ആരംഭിക്കുന്നത്. ഇരുണ്ട യുഗങ്ങളിലൂടെ മനുഷ്യർ തപ്പിത്തടഞ്ഞുകൊണ്ടിരുന്നപ്പോൾ, ആളുകൾ രക്ഷകന്റെ വരവിനായി കാത്തിരുന്നു.

നൂറു കണക്കിന് പ്രവചനങ്ങൾ മശിഹയെ കുറിച്ച് പറഞ്ഞിരുന്നു, എന്നാൽ നമ്മുടെ പോയിന്റിന് താഴെ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾ മതിയാകും. തന്റെ ജനനത്തിന് നൂറുകണക്കിന് വർഷങ്ങൾക്ക് മുൻപ് എഴുതപ്പെട്ട തിരുവെഴുത്തുകൾ ക്രിസ്തു നിറവേറ്റി.

**സമയം**

മശിഹാ രാജ്യം എപ്പോൾ സ്ഥാപിക്കപ്പെടുമെന്ന സമയം പഴയനിയമത്തിൽ വ്യക്തമാക്കിയിരുന്നു. ലോകത്തിലെ നാലാമത്തെ സാമ്രാജ്യത്തെ സൂചിപ്പിച്ച് ദാനിയേൽ 2:44 സൂചിപ്പിച്ചു പറയുന്നു, "ഈ രാജാക്കന്മാരുടെ കാലത്ത് ഒരു നാളും നശിക്കാത്ത രാജ്യം ദൈവം സ്ഥാപിക്കും ...". ലൂക്കൊസ് 2:1, യേശുവിന്റെ ജനന വിവരം പറഞ്ഞു തുടങ്ങുമ്പോൾ, റോമാ ചക്രവർത്തിയായ അഗസ്റ്റസ് കൈസർ ജനസംഖ്യയെടുക്കുവാൻ കല്പന പുറപ്പെടുവിച്ചതായി പറയുന്നു.

ദാനിയേൽ 9:25 പറയുന്നു "യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുവിക്കുന്നതുമുതൽ അഭിഷിക്തനായോരു പ്രഭു വരെ ഏഴ് ആഴ്ച്ചവട്ടം, അറുപത്തി–രണ്ട് ആഴ്ച്ച ...". ഈ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന ആഴ്ച്ചകൾ കണക്കു കൂട്ടുവാൻ പ്രയാസമാണെങ്കിലും, പൊതുവായ ആശയം വ്യക്തമാണ്: ഒരു മുഖ്യ സംഭവം വരുന്നു. ആ സംഭവം "അതിക്രമത്തെ തടസ്ഥം ചെയ്യുന്നതും പാപങ്ങളെ മുദ്രയിടുന്നതും, അകൃത്യത്തിനു പ്രായശ്ചിത്തം വരുത്തുന്നതും, ദർശനവും പ്രവചനവും മുദ്രയിടുന്നതും അതിപരിശുദ്ധനായവനെ അഭിഷേകം ചെയ്യുന്നതുമാകുന്നു" (ദാനിയേൽ 9:24). നീൽ പ്രയോർ പറഞ്ഞതുപോലെ, "ഈ കാര്യങ്ങൾ നിർവ്വഹിപ്പാൻ മശിഹക്ക് മാത്രമെ കഴിയു."[2]

കർത്താവ് പെട്ടെന്ന് തന്റെ ആലയത്തിലേക്ക് വരുമെന്ന് മലാഖി 3:1–ൽ പ്രവാചകൻ സൂചിപ്പിച്ചിരുന്നു.യേശു തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോഴേക്ക് ഹെരോദാവ് ദൈവാലയം പുതുക്കിപ്പണിതിരുന്നു.

**ക്രിസ്തുവിന്റെ വംശാവലി**

ഉൽപത്തി 22:18–ൽ ദൈവം അബ്രഹാമിനോട് വാഗ്ദാനം ചെയ്തു, "നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട്, നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." അബ്രഹാമിന്റെ കൊച്ചുമകനായ യാക്കോബ് (യിസ്രായേൽ), തന്റെ പുത്രന്മാരെ അനുഗ്രഹിച്ചു, പ്രവചിച്ചു, "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജഭരണം അവന്റെ കാലുകളുടെ ഇടയിൽനിന്നു നീങ്ങിപോകയില്ല. ..." (ഉൽപത്തി 49:10). യിരെമ്യാവ് 23:5, 6–ൽ നാം വായിക്കുന്നു, "... ഞാൻ ദാവീദിന്ന് നീതിയായോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാഴും ..." മശിഹയുടെ വംശാവലിയിൽ അബ്രഹാമും, യെഹൂദയും. ദാവീദും ഉൾപ്പെടുന്നു. മത്തായി 1 ലെ വംശാവലി പരിശോധിക്കുക: 2, 3, 6 എന്നീ വാക്യങ്ങളിൽ യേശുവിന്റെ മുൻഗാമികളിൽ അബ്രഹാമും, യെഹൂദയും, ദാവീദും വരുന്നുണ്ട്. യേശു അബ്രഹാമിന്റേയും (ഗലാത്യർ 3:16), യെഹൂദയുടേയും (എബ്രായർ 7:14), ദാവീദിന്റേയും പിൻഗാമിയായിരുന്നു എന്നു ഈ വേദഭാഗങ്ങളും ഉറപ്പിക്കുന്നു (2 തിമൊഥെയൊസ് 2:8).

**ക്രിസ്തുവിന്റെ ജനനസ്ഥലം**

ആ പ്രവചനം മീഖാ 5:2 ലുണ്ട്: "നീയോ, ബേത്‌ലഹേമേ, എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും, യിസ്രായേലിന്ന് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽനിന്ന് ഉത്ഭവിച്ചുവരും.അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനവും തന്നേ." യെഹൂദ പണ്ഡിതന്മാർക്ക് ഇതറിയാമായിരുന്നതുകൊണ്ടാണ് ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്ന ഹെരോദാവിന്റെ ചോദ്യത്തിന് ശരിയായി ഉത്തരം പറയുവാൻ കഴിഞ്ഞത് (മത്തായി 2:5, 6). ക്രിസ്തു എവിടെ ജനിക്കുമെന്ന് പ്രവാചകൻ പറഞ്ഞുവോ അവിടെത്തന്നെ അവൻ ജനിച്ചു (ലൂക്കൊസ് 2:4–6).

**ക്രിസ്തുവിന്റെ ജീവിതം**

മശിഹാ ജീവിതത്തിന്റെ പല വസ്തുതകളും പഴയനിയമത്തിൽ പറഞ്ഞിരുന്നു. അവയെല്ലാം യേശുവിന്റെ ജീവിതത്തിൽ നിവർത്തിയായി. മശിഹയെ "മിസ്രയിമിൽ നിന്നു വിളിച്ചുവരുത്തി" (ഹോശേയാ 11:1; മത്തായി 2:13–15). അവൻ പ്രതികൂല സാഹചര്യത്തിൽ വളരും (യെശയ്യാവ് 53:2; മത്തായി 2:19–23; യോഹന്നാൻ 1:46). അവന്റെ ശുശ്രൂഷ ഏലിയാവിനെ പോലെയുള്ള ഒരുത്തൻ വന്ന് അവന്ന് വഴി ഒരുക്കിയ ശേഷമായിരിക്കും (യെശയ്യാവ് 40:3; മലാഖി 3:1; മത്തായി 17:10–13; മർക്കൊസ് 1:2–4; ലൂക്കൊസ് 1:17). അവൻ തന്റെ ശുശ്രൂഷയിൽ ധാരാളം നന്മ ചെയ്യും (യെശയ്യാവ് 35:5, 6; മത്തായി 11:2–5; ലൂക്കൊസ് 7:21, 22). എന്നിരുന്നാലും, അവൻ നിന്ദിക്കപ്പെടുകയും ത്യജിക്കപ്പെടുകയും ചെയ്യും (യെശയ്യാവ് 53:3; യോഹന്നാൻ 1:11; 15:18, 24).

**ക്രിസ്തുവിന്റെ അവസാന ആഴ്ച്ച**

വിജയയാത്രയുടെ വ്യക്തമായ മുന്നറിയിപ്പായി, രാജാവ് കഴുതപ്പുറത്തു കയറി യെരുശലേമിലേക്ക് വരുമെന്ന് പറഞ്ഞിരിക്കുന്നു (സെഖര്യാവ് 9:9; മർക്കൊസ് 11:1–10). മുപ്പതു വെള്ളിക്കാശ്, ദൈവാലയ ഭണ്ഡാരത്തിൽ എറിഞ്ഞു കളക എന്നും പ്രവാചകൻ പ്രവചിച്ചിരുന്നു; അത് യൂദാ ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത ശേഷം ചെയ്തതോടെ നിറവേറി (സെഖര്യാവ് 11:12, 13; മത്തായി 26:14; 27:5–7). യേശുവിനെ മരണത്തിലേക്ക് നയിച്ച വേദനാജനകമായ വിശദാംശങ്ങൾ യേശയ്യാവ് നൽകിയിരുന്നു (യെശയ്യാവ് 50:6; 53:7; പ്രവൃത്തികൾ 8:32–35).

**ക്രിസ്തുവിന്റെ മരണം**

മശിഹ "ഛേദിക്കപ്പെടും" എന്നു പഴയനിയമത്തിൽ പറഞ്ഞിരുന്നു, അർത്ഥം – ക്രൂരമായ മരണം (യെശയ്യാവ് 53:8; ദാനിയേൽ 9:26) – തള്ളിക്കളയപ്പെടും (സങ്കീർത്തനങ്ങൾ 22:1, 6–8, 16–18). അവൻ കുത്തപ്പെടും (സങ്കീർത്തനങ്ങൾ 22:16; സെഖര്യാവ് 12:10), എന്നാൽ അവന്റെ അസ്ഥികളൊന്നും ഒടിയുകയില്ല (സങ്കീർത്തനങ്ങൾ 34:20). അവയും മറ്റു പ്രവചനങ്ങളും കൃത്യമായി യേശുവിന്റെ മരണത്തിലൂടെ നിറവേറി (യോഹന്നാൻ 19:23, 24, 34, 36, 37 വായിക്കുക).

**ക്രിസ്തുവിന്റെ അടക്കം**

ക്രിസ്തുവിന്റെ അടക്കം പോലും അവന്റെ ജനനത്തിനു മുൻപ് മുന്നറിയിച്ചിരുന്നു. ദുഷ്ടമനുഷ്യരാൽ അവൻ കൊല്ലപ്പെടുകയും ധനവാന്മാരോടുകൂടെ അടക്കപ്പെടുകയും ചെയ്യും (യെശയ്യാവ് 53:9). ആ വിശദാംശങ്ങളും, കൂടെ, നിറവേറുകയുണ്ടായി. മത്തായി 27:57–60 വായിക്കുക.

**ഉപസംഹാരം**

നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കേണ്ടതിന് ഉതകുന്നതാണ് അവയും മറ്റു പ്രവചന നിധികളും. യേശു ദൈവപുത്രനാണെന്ന് വാസ്തവത്തിൽ നാം വിശ്വസിക്കുന്നുണ്ടോ? എങ്കിൽ നമുക്ക് ആ വിശ്വാസത്തിൽ പ്രവർത്തിക്കാം (മത്തായി 7:21; ലൂക്കൊസ് 6:46).

---

കുറിപ്പുകൾ

[1]യേശു പറഞ്ഞ മറ്റുള്ളവർ, ദൈവം, യോഹന്നാൻ, അത്ഭുതങ്ങൾ. [2]നീൽ പ്രയർ, "എ പ്രെയർ ആന്റ് ഇറ്റ്സ് ആൻസർ" ഇൻ "ഡാനിയേൽ, 2" ട്രൂത്ത് ഫോർ ടുഡേ (ജൂൺ 2001); 51.

# ഗെത്ത്ശമന തോട്ടം: ഒരു ആഖ്യാനരീതി

ഒരു സംഭവം വെറുതെ വിവരിക്കുകയും, പിന്നീട് വായിക്കുന്നവരെ അതിന്റെ പ്രായോഗികത വരുത്തുവാൻ അനുവദിക്കുകയും ചെയ്യുന്നതാണ് ഒരു "ആഖ്യാന പ്രസംഗം." ഈ സമീപനത്തിന് ചില തിരുവെഴുത്ത് ഭാഗങ്ങൾ പിന്താങ്ങുന്നുണ്ട്; അത്തരത്തിലുള്ള ഒരു ഭാഗമാണ് തോട്ടത്തിലായിരുന്ന യേശു. ഗെത്ത്ശമന സംഭവത്തോടുകൂടി നിങ്ങൾ ഈ സമീപനം എടുക്കുകയാണെങ്കിൽ, ഈ സംഭവത്തിൽനിന്ന് ബൈബിൾ പാഠത്തിനും പ്രസംഗത്തിനും ആവശ്യമായ കാര്യങ്ങൾ ലഭിക്കും. കൂടുതൽ ചിന്തിക്കുന്നവരെ ഉണർത്തുന്നതായിരിക്കും താഴെ കൊടുത്തിരിക്കുന്നവ.

മാളികമുറിയിലെ രംഗങ്ങൾ അവലോകനം ചെയ്തുകൊണ്ട് നിങ്ങൾക്ക് ആരംഭിക്കാം. അവ ഗെത്ത്ശമനയിലെ വികാരഭരിതമായ അവസ്ഥക്ക് കളമൊരുങ്ങും.

യേശുവും ശിഷ്യന്മാരും മാളികമുറി വിട്ട് യെരുശലേമിലെ വീഥികളിൽ കൂടെ നടന്നുപോകുന്നത് ഊഹിക്കുക: "[ന] ഗരം നിദ്രയിലായിരുന്നു. എല്ലാം നിശബ്ദമായിരുന്നു, ക്ഷീണിതരായി പായിൽ കിടന്നുറങ്ങുകയായിരുന്നു തീർത്ഥാടകർ, വീട്ടിലേക്ക് പെട്ടെന്ന് നടന്നകലുന്ന ചുറ്റിനടപ്പുകാരന്റെ കാലൊച്ചയോ, അല്ലെങ്കിൽ റോന്തു ചുറ്റുന്ന കാവൽഭടന്റെ നടപ്പുശബ്ദമോ കേൾക്കാം."[1]

"പെസഹാപെരുന്നാളിൽ അറുത്ത മൃഗങ്ങളുടെ രക്തം ഒഴുകിയെത്തിയതുകൊണ്ട് വെള്ളം ചവപ്പുനിറമായ കെദ്രോൻ അല്ലെങ്കിൽ കിദ്രോൻ തോട് ശൈത്യമഴ പെയിത് വെള്ളം നിറഞ്ഞു കിടന്നിരുന്നു, ഗെത്ത്ശമനയിലേക്കുള്ള വഴി അതായിരുന്നു."[2] "[ദൈവാലയത്തിലെ ദഹനയാഗം കഴിക്കുന്ന] യാഗപീഠത്തിൽനിന്ന് ഒരു ചാനൽ കെദ്രോൻ തോട്ടിലേക്ക് ഒഴുകുന്നുണ്ട്. പെസഹാ ആടുകളെ അറുക്കുന്ന രക്തം ഒഴുക്കി വിടുന്നത് ഈ ചാനലിൽ കൂടെ ആയിരുന്നു. യേശു ആ തോട് കടന്നപ്പോൾ, അപ്പോഴും യാഗം കഴിച്ച ആടുകളുടെ രക്തം കലർന്ന വെള്ളം ചുവപ്പു നിറത്തിൽ തന്നെയായിരുന്നു; അവൻ അതുവഴി നടന്നപ്പോൾ, തീർച്ചയായും, തനിക്ക് വരുവാനുള്ള യാഗത്തെ കുറിച്ച് അവൻ ഓർത്തു കാണും."[3]

അവർ ഗെത്ത്ശമനയിലെത്തിയപ്പോൾ, "പൂർണ്ണചന്ദ്രനുണ്ടായിരുന്നു, തോട്ടം നിലാവെളിച്ചത്താൽ കുളിച്ചിരുന്നു. പഴയ വൃക്ഷങ്ങളിൽ മന്ദമാരുതനടിച്ച്, ചാരനിറവും പച്ചനിറവുമുള്ള ഇലകളെ ചലിപ്പിച്ചുകൊണ്ടിരുന്നു,"[4] "ആ പഴയ തവിട്ട്–നിറമുള്ള കൊമ്പുകളും ചാരനിറമുള്ള ഇലകളുമുള്ള മരങ്ങൾ മുഴകളുള്ളതായിരുന്നു."[5] "അതു വൃക്ഷങ്ങൾ പുഷ്പിക്കുന്നതിനു മുൻപുള്ള മേയ് ആയിരുന്നു എങ്കിലും, ശരൽക്കാല വിളവെടുപ്പ് ആട്ടിയ ചക്കുകല്ലിലെ എണ്ണയുടെ അവശിഷ്ടങ്ങൾ തങ്ങിക്കിടന്നതിന്റെ ഗന്ധം അനുഭവപ്പെട്ടിരുന്നു."[6]

നിങ്ങളെ യേശുവിന്റെ സ്ഥാനത്ത് ആക്കി അവന്റെ ഉള്ളിലെ സംക്ഷോഭം

ഒന്ന് ഊഹിച്ചു നോക്കുക. നിങ്ങൾ താഴെ നിന്ന് മുഖം പാറയുള്ള മണ്ണിൽ പതിപ്പിക്കുന്നു (വിരളമായ നിലമാണ് ആ പ്രദേശത്ത്), നിങ്ങളുടെ ഹൃദയം ദൈവത്തിലേക്ക് പകരുന്നു. നിങ്ങളുടെ ഇന്ദ്രിയങ്ങളെല്ലാം ഉപയോഗിക്കുക: നിങ്ങൾ എന്താണ് കേൾക്കുന്നത്? "നിങ്ങൾ എന്താണ് കാണുന്നത്? നിങ്ങൾക്ക് എന്തു തോന്നുന്നു അല്ലെങ്കിൽ എന്ത് ഗന്ധമാണ് അനുഭവപ്പെടുന്നത്? അവന്റെ മൂക്കിന്റെ പാലത്തിൽകൂടെയും കണ്ണുകളിൽ കൂടെയും വിയർപ്പുകണങ്ങൾ വെന്ത് ഒഴുകുന്നു, അതു രക്തത്തുള്ളികൾ പോലെ നിലത്തു വീഴുന്നു."[7]

അടുത്തത്, ക്ഷീണിതരായ ശിഷ്യന്മാരുടെ സ്ഥാനത്തു നിങ്ങളെ സങ്കല്പിക്കുക. നിങ്ങൾ ഉറക്കത്തോട് മല്ലിടുന്നതും – പരാജയപ്പെടുന്നതും ഊഹിക്കുക. അവർ ഇരുന്ന സ്ഥലത്തേക്ക് ക്രിസ്തു മടങ്ങി വന്നപ്പോൾ, അവർ വൃക്ഷങ്ങളുടെ ചുവട്ടിലിട്ടിരുന്ന ചാക്കുകൾ പോലെ കിടന്നിരുന്നു, "അവർ മന്ദഗതിയിൽ ശ്വാസം വലിച്ചു വിടുന്നു. അവർ ഉറങ്ങുകയാണെന്ന് അവൻ അറിഞ്ഞു."[8]

ദൂതൻ അവന്ന് പ്രത്യക്ഷനായ ശേഷം കർത്താവ് ശാന്തനായത് ദർശിക്കുക. അതു സംഭവിച്ചപ്പോൾ അവന്റെ മുഖഭാവം എങ്ങനെ മാറി? യേശു മൂന്നാമതും ശിഷ്യന്മാരുടെ അടുക്കൽ മടങ്ങി വന്നപ്പോൾ, വിയർപ്പു–പിരണ്ട വസ്ത്രത്തോടുകൂടെ അവൻ എങ്ങനെ ആയിരുന്നു? രാത്രിയിലെ തണുത്ത കാറ്റിൽ അവന്റെ ശരീരം വിറച്ചിരുന്നോ? അവന്റെ ശബ്ദത്തിൽ ആത്മവിശ്വാസം എങ്ങനെ കാണപ്പെട്ടു?


അവസാനമായി, പുരുഷാരം തോട്ടത്തിലേക്ക് തിരക്കി വരുന്നതു കാണുക: "തോട്ടത്തിൽ കൂടെ പുരുഷാരത്തിന്റേതുപോലെയുള്ള പട പടാ ശബ്ദം കേൾക്കുന്നു. പുരുഷാരത്തിന്റെ മുകളിൽ പന്തങ്ങളിൽനിന്നു ഉരുണ്ടുകൂടി പൊങ്ങുന്ന രാത്രിയിലെ പുകയും കാണുക."[9] കർത്താവ് ധീരതയോടെ അവരെ കാണുവാൻ പോകുന്നതും മനസിൽ കാണുക. അവൻ നിങ്ങൾക്കും എനിക്കും വേണ്ടി–മരിക്കുവാൻ പോകുന്നു.

---

കുറിപ്പുകൾ

[1]എ. എം. ഫെയർബോയിൺ, *സ്റ്റഡീസ് ഇൻ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ലണ്ടൻ:ഹോഡർ ആന്റ് സ്ട്രോട്ടൻ, 1889), 245. [2]എച്ച്. ജെ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ലിബെർട്ടി, മോ.:ക്വാളിറ്റി പ്രസ്, 1963), 199. [3]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് ജോൺ*, റെവ.എഡി., വാല്യം. 2. *ദ ഡെയ്‌ലി ബൈബിൾ സ്റ്റഡീസ്* (ഫിലദെസ്ഫിയ:വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1975), 221. [4]ജെയ്മി ബെക്കിങ്ങാം, ദ നസറീൻ (ആൻ ആർബർ, മൈക്ക്.:സെർവന്റ് പബ്ലിക്കേഷൻസ്, 1991), 187. [5]എസ്. ഡി. ഗോർഡൻ, *ക്വയറ്റ് ടാൽക്ക് എബൗട്ട് ജീസസ്* (ന്യൂയോർക്ക്:ഹെമിങ്ങ് എച്ച്. റെവെൽ കമ്പനി., 1910), 231. [6]കെൻ. ഗിരേ. *മൊമെന്റ്സ് വിത്ത് ദ സേവിയർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1998), 325. [7]വാൾട്ടർ വാങ്കെരിൻ, ജൂനിയർ., ദ ബുക്ക് ഓഫ് ഗോഡ്. ദബൈബിൾ ആസ് എ നോവെൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1996), 785. [8]ഇബിഡ്., 786. [9]ഗിരേ, 331.

# നിർദ്ദേശിക്കപ്പെട്ട യേശുവിന്റെ അവസാന മണിക്കൂറകളിലെ വഴികൾ



## ഇതിഹാസം

- കെദ്രോൻ തോട്
- പാലങ്ങൾ/വാതിലുകൾ
- ഗെത്ത്ശമന തോട്ടത്തിലെവൃക്ഷങ്ങൾ ഒലിവുമലയുടെ അടിയിൽ
- നിലത്തിൽ ഉയർന്ന സ്ഥലം
- പട്ടണത്തിൽ ഉയരത്തിലേക്കുള്ള പടികൾ
- യെരുശലേമിന്റെ മതിലുകൾ
- പഴയ യെരുശലേം നഗര മതിലുകൾ ഇന്ന്

## യേശു സഞ്ചരിച്ച വഴികൾ

1 മാളികമുറിയിലേക്ക്
2 ഗെത്ത്ശമന തോട്ടത്തിലേക്ക്
3 ഹന്നാവിന്റേയും കയ്യഫാവിന്റേയും ഭവനങ്ങളിലേക്ക്
4 ന്യായാധിപസഭയിലേക്ക്
5 പിലാത്തോസിന്റെ അടുത്തേക്ക്
6 ഹെരോദാവിന്റെ അടുത്തേക്കും പിന്നെ പിലാത്തോസിന്റെ അടുത്തേക്കും അവസാനം ഗൊൽഗോഥയിലേക്ക്

# പൊന്തിയൊസ് പിലാത്തൊസും (യേശുവിന്റെ മരണവും)

ഗ്രേറ്റസിനെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? മാർസെല്ലസിനെ കുറിച്ച് നിങ്ങൾക്ക് പരിചയമുണ്ടോ? "എനിക്ക് ആ രണ്ട് പേരെ കുറിച്ചും ഒരു പിടിയുമില്ല'' എന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ പിലാത്തൊസിനെ കുറിച്ചോ? നിങ്ങൾ അവനെ കുറിച്ച് കേട്ടിട്ടുണ്ട്, തീർച്ച. ഇതു വളരെ രസപ്രദമാണ്, കാരണം ഗ്രേറ്റസ് പിലാത്തൊസിന് മുമ്പ് റോമാ നാടുവാഴി ആയിരുന്നു, എന്നാൽ മാർസെല്ലസ്, പിലാത്തൊസിന് ശേഷം യെഹൂദ്യയിലെ നാടുവാഴി ആയിരുന്നു – അവർ രണ്ടുപേരും പിലാത്തൊസിനേക്കാൾ നല്ല വാടുവാഴികളായിരുന്നു. പിന്നെ നാം എന്തുകൊണ്ടാണ് പിലാത്തൊസിനെ ഓർക്കുന്നത്? കാരണം ഒരു വെള്ളിയാഴ്ച്ച യേശു പിലാത്തൊസിന്റെ മുമ്പിൽ നിന്നിരുന്നു.

പിലാത്തൊസിനെ കുറിച്ചുള്ള അധികം വിവരണങ്ങളും നമുക്ക് ലഭിച്ചിരിക്കുന്നത്, സുവിശേഷ വിവരണങ്ങളിൽനിന്നും അവന്റെ നാടുവാഴ്ച്ചയെ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രകാരനായിരുന്ന ഫ്ളേവിയസ് ജോസെഫസിൽനിന്നുമാണ്.[1] എങ്ങനെയായാലും, വേറെ വചനപരവും, ചരിത്രപരവും, ഭൂഗർഭഗവേഷണവുമായ സൂചനകളും അവനെ കുറിച്ചുണ്ട്. ആ ഉറവിടങ്ങളിൽനിന്നും, കർത്താവിന്റെ മരണത്തെ കുറിച്ചു പ്രതിപാദിക്കുന്ന മറ്റു ഉറവിടങ്ങളിൽനിന്നും ഉള്ള വിവരങ്ങളാണ് ഈ അനുബന്ധ പഠനത്തിനായി എടുത്തിട്ടുള്ളത്.

### പുതിയനിയമ സൂചനകൾ

പിലാത്തൊസ് യേശുവിനെ റോമൻ വിചാരണ നടത്തുന്നതുമായുള്ള ബന്ധത്തിനുപുറമെ (മത്തായി 27; മർക്കൊസ് 15; ലൂക്കൊസ് 23; യോഹന്നാൻ 18; 19) പുതിയനിയമത്തിൽ ഈ റോമൻ നാടുവാഴിയെ കുറിച്ച് വളരെ കുറിച്ചു മാത്രമെ പറയുന്നുള്ളു. യോഹന്നാൻ സ്നാപകൻ ശുശ്രൂഷ തുടങ്ങിയപ്പോൾ അവൻ നാടുവാഴി ആയിരുന്നു (ലൂക്കൊസ് 3:1). "പിലാത്തൊസ് ഗലീലക്കാരുടെ യാഗങ്ങളിൽ അവരുടെ രക്തം കലർത്തിയതായ" വിവരം വിതരണം ചെയ്തിരുന്നു (ലൂക്കൊസ് 13:1) – ഒരുപക്ഷെ അവരുടെ മൽസരം ഇല്ലാതാക്കുവാനായിരിക്കാം (ഈ പഠനത്തിന്റെ അവസാനം അതു ചർച്ച ചെയ്യുന്നുണ്ട്). യേശുവിന്റെ മരണത്തിന് ഉത്തരവാദികളായവരിൽ പെട്ടവനായിട്ടാണ് പിലാത്തൊസിനെ അപ്പൊസ്തലന്മാരുടെ പ്രസംഗങ്ങളിൽ പ്രതിപാദിച്ചത് (പ്രവൃത്തികൾ 4:27; 13:28; 3:13 നോക്കുക). "പൊന്തിയൊസ് പിലാത്തൊസിന്റെ മുൻപാകെ യേശു നല്ല സ്വീകാരം കഴിച്ചതായി" പൗലൊസ് പറഞ്ഞു (1 തിമൊഥെയൊസ് 6:13).

പുതിയനിയമ രേഖയെ കുറിച്ച് ചുരുക്കമായി ജെ. ജി. വോസ് ഇങ്ങനെ പറഞ്ഞു: അതു "പിലാത്തൊസിനെ മനുഷ്യവിദ്വേഷിയും സംശയാലുവുമാക്കി – തലക്കനമുള്ള റോമാക്കാ [രൻ], എന്നാൽ പരമ്പരാഗത റോമാക്കാ

[രന്റെ] ആദരവോ, നീതിയോ, ആത്മാർത്ഥതയോ ഇല്ലാത്തവൻ. നീതി നില നിർത്തുന്നവൻ ആകേണ്ടതിനുപകരം, പിലാത്തൊസ് വിട്ടുവീഴ്ച്ച ചെയ്യുന്നവനും, നീക്ക്പോക്ക് നടത്തുന്നവനും ആയിരുന്നു."[2]

## ഫ്ളേവിയസ് ജോസെഫസ്
## (എ. ഡി. 37-എ. ഡി. 93 നുശേഷം)

യെഹൂദന്മാരോടുള്ള പിലാത്തൊസിന്റെ സ്ഥിരതയില്ലാത്ത ബന്ധത്തെ തെളിയിക്കുന്ന മൂന്നു സംഭവങ്ങൾ ജോസെഫസ് എഴുതിയിട്ടുണ്ട്. (1) പിലാത്തൊസ് യെരുശലേമിലേക്ക് പടയാളികളെ അയച്ചപ്പോൾ, ചക്രവർത്തിയുടെ ബിംബം ഉപയോഗിക്കുന്ന നിലവാരമാക്കി, അത് മുമ്പിലത്തെ റോമാ പരിശീലനമായിരുന്നു, പക്ഷെ യെഹൂദനിയമത്തിന് എതിരുമായിരുന്നു. യെഹൂദന്മാരുമായുള്ള ഏറ്റുമുട്ടലിനുശേഷം ആ രൂപങ്ങൾ പിലാത്തൊസ് മാറ്റി.[3] (2) യെരുശലേമിലേക്ക് ഒരു നീർച്ചാൽ വെട്ടി വെള്ളം എത്തിച്ചുകൊണ്ട് യെഹൂദന്മാരുടെ ശത്രുത ശാന്തമാക്കുവാൻ പിലാത്തൊസ് ശ്രമിച്ചു. എങ്ങനെയായാലും, ഈ ആവശ്യത്തിന് ദൈവാലയ പണമാണ് ഉപയോഗിച്ചതെന്നറിഞ്ഞപ്പോൾ ആളുകൾ കൂട്ടമായി കുഴപ്പമുണ്ടാക്കുകയും കുറെപ്പേർ മരിക്കുകയും ചെയ്തു.[4] (ഇതാണ് ലൂക്കൊസ് 13:1ലെ സംഭവത്തിനിടയാക്കിയതെന്ന് ചിലർ വിശ്വസിക്കുന്നു.) (3) അവന്റെ പത്താമത്തേതും അവസാനത്തേതുമായ ഔദ്യോഗികകാലയളവിൽ, ശമര്യയിലെ കുറെ ആയുധധാരികളെ ഒതുക്കുവാൻ പിലാത്തൊസ് ആയുധധാരികളായ സൈന്യത്തെ ഉപയോഗിച്ചു. ആ സംഘം ഒരു അക്രമത്തിനും മുതിർന്നതായി സൂചനയുണ്ടായിരുന്നില്ല എങ്കിലും അവരെ പതിയിരുന്നാക്രമിച്ചു. ആ പോരാട്ടത്തിൽ അനവധി പേർ കൊല്ലപ്പെടുകയും അവശേഷിച്ചവരെ തൂക്കിക്കൊല്ലുകയും ചെയ്തു.ശമര്യയിലെ ഉദ്യോഗസ്ഥർ ഇതിനെതിരായി പിലാത്തൊസിന്റെ മുകളിലായിരുന്ന സിറിയയിലെ നാടുവാഴിയോട് പരാതിപ്പെട്ടു. അയാൾ പിലാത്തൊസിനെ റോമിലേക്ക് അയക്കുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു.[5]

നമ്മുടെ ഇപ്പോഴത്തെ പഠനത്തെ കുറിച്ച്, ഒരുപക്ഷെ ജോസെഫസിന്റെ അറിയ–പ്പെടുന്ന *ടെസ്റ്റിമോണിയം ഫ്ളേവിയനം* എന്നതു വളരെ താല്പര്യം ജനിപ്പിക്കുന്നതാകാം. ക്രിസ്ത്യാനികൾ പിന്നീട് ആ ചരിത്രകാരന്റെ വാക്കുകൾ മോടിപിടിപ്പിച്ചതാണെന്ന് പലരും കരുതുന്നു, എന്നാൽ ആ പ്രസ്താവനയുടെ പ്രാമുഖ്യം–ആ വാചകമടക്കം എഴുതപ്പെട്ടത് ജോസെഫസ് ആണെന്ന് മിക്കപേരും സമ്മതിക്കും. "... പിലാത്തൊസ്, അവനെ ക്രൂശിക്കുവാൻ ഏല്പിച്ചപ്പോൾ, നമ്മോട് പറയുന്നത് ആദ്യം സ്നേഹിച്ചവർ അവനെ ഉപേക്ഷിച്ചില്ല എന്നാണ്."[6]

## ഫിലോ (ബി. സി. 20-എ. ഡി. 50)

എല്ലാ നിലയിലും പിലാത്തൊസിനെ കുറ്റപ്പെടുത്തിയ വ്യക്തിയായിരുന്നു യെഹൂദ തത്വജ്ഞാനിയായിരുന്ന അലെക്സന്ത്രിയക്കാരനായിരുന്ന ഫിലോ. ആ വേദശാസ്ത്ര പണ്ഡിതൻ അതിഭാവുകത്വമുള്ളവനായിരുന്നു എന്ന് മിക്ക പണ്ഡിതന്മാരും കരുതുന്നു, എന്നാൽ ബൈബിൾ രേഖകളും ചരിത്രരേഖകളും അനുസരിച്ച് നാടുവാഴിയെ കുറിച്ച് പറഞ്ഞത് ശരിയാണ്. "പിലാത്തൊസിന്റെ അഴിമതികൾ, ധിക്കാരം, കവർച്ച നിർബ്ബന്ധമായി പിടിച്ചു പറി

ക്കൽ, ആളുകളെ പരിഹസിക്കൽ, ക്രൂരത്വം, വിചാരണചെയ്യാത്തവരെയും ശിക്ഷക്കു വിധിക്കാത്തവരെയും കൊല്ലൽ, ഹീനനും മനുഷ്യത്വമില്ലായ്മ യെയും" കുറിച്ച് ഫിലോ എഴുതി.[7]

പിലാത്തൊസിന് യെഹൂദന്മാരോടുള്ള സന്നിഗ്ധമായ ബന്ധത്തെ ഫിലോ രേഖപ്പെടുത്തിയിട്ടുണ്ട്. ചക്രവർത്തിയോടുള്ള ധ്യാനം കൊത്തിയ കവചം നാടുവാഴി യെരുശലേമിൽ താമസിച്ചിരിന്ന വീടിന്റെ ഭിത്തിയിൽ തൂക്കിയി രുന്നു. രോഷാകുലരായ യെഹൂദന്മാർ അവരുടെ പ്രതിഷേധം തിബെര്യാ സിനെ അറിയിച്ചിരുന്നു. ആ കവചങ്ങൾ കൈസര്യയിലെ അഗസ്തൊസ് ക്ഷേത്രത്തിലേക്ക് മാറ്റുവാൻ കല്പിച്ചു.[8]

### ബഹുവിധമായ ചരിത്ര സൂചനകൾ

യേശുവിനെ "പെസഹാ പെരുന്നാളിൽ ക്രൂശിച്ചതായും"[9] (പ്രതീക്ഷി ച്ചതുപോലെ) യെഹൂദപ്രമാണിമാർ അവനെ ശിക്ഷിച്ചതിനെ ന്യായീകരി ക്കയും ചെയ്തു.

ക്രിസ്ത്യാനികളെ കുറിച്ച് ഏ. ഡി. 115 നും 117 നും ഇടക്ക് ടാക്റ്റിക്കസ് എന്ന ലാറ്റിൻ ചരിത്രകാരൻ എഴുതി: "തിബെര്യാസിൽ പൊന്തിയൊസ് പിലാ ത്തൊസ് നാടുവാഴിയായിരുന്നപ്പോൾ മരണശിക്ഷക്കു വിധിച്ച ക്രിസ്തുവിൽ നിന്നാണ് ക്രിസ്ത്യാനികൾക്ക് ആ പേരുണ്ടായത്."[10]

മാരാബാർ സെറാപിയൻ തന്റെ മകന് എഴുതിയ സിറിയക് എഴുത്തിൽ ഈ വാക്കുകൾ യേശുവിനെ കുറിച്ച് പറയുന്നു: "യെഹൂദന്മാർക്ക് തങ്ങ ളുടെ ബുദ്ധിമാനായ രാജാവിനെ തൂക്കി കൊന്നിട്ട് എന്തു നേട്ടമാണ് ലഭി ച്ചത്? അതിനുശേഷമാണ് അവരുടെ രാജ്യം ഇല്ലാതായത് ... അല്ലെങ്കിൽ അവൻ മരിക്കുമമായിരുന്നില്ല; അവൻ തന്റെ ഉപദേശപ്രകാരമായിരുന്നു ജീവിച്ചത്."[11] ഈ ഉറവിടത്തിന്റെ തീയതി നിശ്ചയമില്ല, എന്നാൽ അത് ഏതാ ണ്ട് ഏ. ഡി. 73–ൽ ആയിരിക്കാം എഴുതിയത്.

1961–ൽ പിലാത്തൊസിനെ കുറിച്ചുള്ള ആദ്യത്തെ ഭൂഗർഭഗവേഷണ തെളിവ് കണ്ടെടുക്കയുണ്ടായി. "പൊന്തിയസ് പൈലറ്റ് പ്രിഫെക്ട് ഓഫ് ജൂഡിയ" എന്ന മേലെഴുത്തുള്ള ഒരു കല്ല് കൈസര്യയിലെ റോമൻ തിയേറ്റ റിൽനിന്ന് ഗവേഷകന്മാർ കണ്ടെടുത്തു.[12]

### ദൈവശ്വാസിയരല്ലാത്ത ക്രിസ്തീയ എഴുത്തുകാർ

പിലാത്തൊസിനെ കുറിച്ചും ഒറിജെനെ കുറിച്ചും ദൈവശ്വാസീയരല്ലാത്ത ക്രിസ്തീയ എഴുത്തുകാർ പറഞ്ഞിട്ടുണ്ട്.ജസ്റ്റിൻ മാർട്ടിരും തെർത്തൂലിയനും യേശുവിന്റെ വിചാരണയെ റോമൻ കോടതി രേഖപ്പെടുത്തിയിരുന്നതായി പറയുന്നു,[13] എന്നാൽ അവർ ആ രേഖ വാസ്തവത്തിൽ കണ്ടോ ഇല്ലയോ എന്നത് അവ്യക്തമാണ്.[14]

പിലാത്തൊസിന്റെ അവസാന നാളുകൾ നമുക്ക് ഓരോരുത്തർക്കും താല്പര്യമുളവാക്കുന്നതാണ്. നാടുവാഴിയെ റോമിലേക്ക് മടക്കി വിളിച്ച പ്പോൾ, (ഈ പാഠത്തിൽ മുൻപ് "ഫ്ളേവിയസ് ജോസെഫസ്" ൽ പറഞ്ഞ തുപോലെ) ടാക്റ്റിക്കസിന്റെ മരണശേഷമാണ് അവൻ എത്തിയത്. പിന്നീട് എന്തു സംഭവിച്ചു എന്നതിനെ കുറിച്ച് നമുക്ക് ചരിത്രപരമായ വിവരമൊന്നു മില്ല, തന്റെ വിചാരണക്ക് ശേഷം അവൻ ആത്മഹത്യ ചെയ്തു എന്നാണ് യൂസേബിയസ് രേഖപ്പെടുത്തിയ പാരമ്പര്യം പറയുന്നത്.[15] ഗായിയസിന്റെ

വാഴ്ച്ചയിൽ (ഏ. ഡി. 37–41) പിലാത്തൊസ് ഗൗളിലെ വിയെന്നാ അലോബ്രോഗമിൽ (ഇപ്പോഴത്തെ ഫ്രാൻസ്) വെച്ച് ആത്മഹത്യ ചെയ്തതായി പിന്നീടുള്ള പാരമ്പര്യവും പറയുന്നു, അവിടെ അവൻ നാടുകടത്തപ്പെട്ടതായിരുന്നു. നാടുവാഴിയുടെ മരണം ദൈവനീതിയായിരുന്നു എന്നാണ് യൂസേബി b k v] dª Xv[6]

---

കുറിപ്പുകൾ

[1]*ജോസെഫസ് ആന്റിക്വിറ്റീസ് ഓഫ് ദ ജ്യൂസ്* 18.2.2; 18.3.1–2; വാഴ്സ് ഓഫ് ദ ജ്യൂസ് 2.9.2–4. [2]ജെ. ജി. വോസ്. "പൈലറ്റ് പൊന്തിയസ്," ദ സോണ്ടർവാൻ പിക്ചോറിയൽ എൻസൈക്ലോപീഡിയ ഓഫ് ദ ബൈബിൾ, ജെന. എഡി. മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1975), 4:792. [3]*ആന്റിക്വിറ്റീസ് ഓഫ് ദ ജ്യൂസ്* 18.3.1; വാഴ്സ് ഓഫ് ദ ജ്യൂസ് 2.9.2.3 [4]*വാഴ്സ് ഓഫ് ദ ജ്യൂസ്* 2.9.4. [5]*ആന്റി ക്വിറ്റീസ് ഓഫ് ദ ജ്യൂസ്* 18.4.1.2. [6]*ആന്റിക്വിറ്റീസ് ഓഫ് ദ ജ്യൂസ്* 18.3.3. [7]*ഫിലോ ലെഗാഷ്യോ ആഡ് ഗാലിയം* 38. [8]ഫിലോ ഡി *ലെഗാഷ്യോ ആഡ് ഗാലിയം 299–305.* [9]മിഷനാ, സാൻഹെഡ്രിൻ, 43 എ, ക്വോട്ടഡ് ഇൻ ബ്രൂസ് കോർലേ, "ട്രയൽ ഓഫ് ജീസസ്," *ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്*, എഡിസ്. ജോവേൽ ബി.ഗ്രീൻ ആന്റ് സ്ക്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്. Ill: ഇന്റർ വാഴ്സിറ്റി പ്രസ്, 1992), 842. [10]ടാസിറ്റസ് അനൽസ് 15.**44**.

[11]ക്വോട്ടഡ് ഇൻ കോർലേ. 842. [12]*ജോൺ മെക്റേ, ആർക്കിയോളജി ആന്റ് ദ ന്യൂടെസ്റ്റമെന്റ്* (ഗാരാന്റ് റാപ്പിഡ്സ്. മൈക്ക്.:ബേക്കർ ബുക്ക് ഹൗസ്, 1991), 203–4. [13]*ജസ്റ്റിൻ മാർട്ടിർ അപോളജി* 1.35; 1.48; *തെർത്തൂലിയൻ അപോളജി* 5.2; 21.24. [14]നൂറ്റാണ്ടുകൾക്ക് ശേഷം "പിലാത്തൊസിന്റെ പ്രവൃത്തികൾ" എന്ന പേരിൽ ദൈവശ്വാസീയനല്ലാത്ത ആകൃഷ്ടനായ ഒരു അജ്ഞാതൻ എഴുതിയിട്ടുണ്ട്. [15]യൂസേബിയസ് എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി 2.7. [16]ഇബിഡ്.